2026 ഏപ്രിൽ

ബ്ലാക്ക്

മലയാളത്തിരുമുറ്റത്തെ മണികർണികാരങ്ങൾ

ഉണ്ണി ആവട്ടി

ശ്രീകുമാർ എം

ശ്രീരേഖ ആർ

സുമ രാമചന്ദ്രൻ

പ്രസീദ മോഹൻ

സന്തോഷ്കുമാരി എം ആർ

ബൈജു സി പി

E-വാക്ക്

വായനശാല സാംസ്കാരികവേദി പ്രസിദ്ധീകരണം

ടീം ഇ-വാക്ക്

പ്രദീപ് കെ (എഡിറ്റർ)
ഫോൺ : 9446088378
ജീജ അനിരുദ്ധൻ
പി വി രതീശൻ
കെ എം രാജേഷ്
സുധീർ വെള്ളാഞ്ചേരി
ഷാജി അരിക്കാട്

മുഖചിത്രം :
ജിം കോർണാഡ്

പിൻകവർ :
ശിവഹരി

എഡിറ്റോറിയൽ

വിഷുക്കൈനീട്ടം

വിഷുവെത്തി, മലയാളികളുടെ രണ്ടാം ദേശീയ ഉത്സവം എന്നതാണ് കണക്ക്. വിഷു ആഘോഷങ്ങളിൽ വടക്കൻ ജില്ലകൾക്കാണ് മുൻതൂക്കം. ദ്രാവിഡമായ ആചാരാനുഷ്ഠാനങ്ങളുടെ തുടർച്ചയാണ് വിഷുവെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നു. ഭാസ്കര രവിവർമ്മന്റെ തൃക്കൊടിത്താനത്തുള്ള പൂർണ്ണമല്ലാത്ത ഒരു ശാസനത്തിൽ "ചിത്തിര വിഷു'വിനെക്കുറിച്ച് പരാമർശമുണ്ട്. കാലം AD 961–1022 ആണെന്നോർമ്മിക്കണം. വില്യം ലോഗന്റെ മലബാർ മാന്വൽ വിഷുവിനെക്കുറിച്ച് പറയുന്നുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം. എ.ഡി. 844 – 855 ന് മധ്യത്തിലെപ്പോഴോ സ്ഥാണു രവിവർമ്മനാണ് വിഷുവിന് ഔദ്യോഗികമായി ആരംഭം കുറിച്ചത്. ഒരുപക്ഷേ അതിനുമുമ്പുള്ള രേഖകൾ ലഭ്യമല്ലാത്തതുമാകാം.

തുല്യമായത് എന്നർത്ഥം വരുന്ന വിഷുവം എന്ന വാക്കിൽ നിന്നാണ് വിഷു എന്ന പദം വന്നത്. ജ്യോതിശാസ്ത്ര പ്രകാരം പകലും രാത്രിയും തുല്യമായ ദിനമായിട്ടാണ് വിഷുവിനെ കാണുന്നത്. ഉത്തരായനമോ ദക്ഷിണായനമോ അല്ലാതെ കൃത്യം ഭൂമധ്യത്തിൽ ഉദയമുള്ള ദിവസമത്രേ വിഷുദിനം. കേരളത്തിന്റെ വിളവെടുപ്പ് ഉത്സവം കൂടിയായ വിഷു മലയാളമാസം മേടം ഒന്നിനാണ് ആഘോഷിക്കുന്നത്. ഇതു വസന്തകാലത്തിന്റെ വരവ് ഉറപ്പിക്കുന്ന ഉത്സവം കൂടിയാണ്.

വിഷുവിനെ സംബന്ധിച്ച് രണ്ട് ഐതീഹ്യങ്ങളാണുള്ളത്. ഒന്ന് മഹാവിഷ്ണു നരകാസുരനെ നിഗ്രഹിച്ചതിന്റെ ഓർമ്മ പുതുക്കൽ, രണ്ട് രാക്ഷസ രാജാവായ രാവണൻ ലങ്ക ഭരിക്കുന്ന കാലത്ത് സൂര്യനെ നേരെ ഉദിക്കാൻ അനുവദിച്ചിരു

ന്നില്ല. വെയിൽ കൊട്ടാരത്തിന്റെ പ്രവേശിച്ചതിനാൽ രാവണന് ഇഷ്ടമായില്ല എന്നതാണ് ഇതിന് കാരണം. ശ്രീരാമൻ രാവണനെ നിഗ്രഹിച്ചതിനുശേഷമേ സൂര്യൻ നേരേ ഉദിച്ചുള്ളൂ. ഈ സംഭവത്തിൽ ജനങ്ങൾക്കുള്ള ആഹ്ലാദം പ്രകടിപ്പിക്കുന്നതിനാണ് വിഷു ആഘോഷിക്കുന്നത്.

സാമൂഹികമായ അർത്ഥത്തിൽ വിഷു കാർഷികോത്സവമാണ്. കാർഷിക വൃത്തികൾക്ക് തുടക്കം കുറിക്കുന്ന ദിവസം. വിഷുച്ചാലു കീറലും കൈക്കോട്ടു ചാലുമെല്ലാം വിഷു ദിനത്തിന്റെ പരമ്പരാഗത ചടങ്ങുകളായിരുന്നു. വിഷു ദിവസം പാടത്ത് നടത്തുന്ന ഒരാചാരമാണ് "വിഷുച്ചാലു കീറൽ"; വിഷുസദ്യക്കു മുമ്പായിരിക്കുമിത്. കന്നുകാലികളെ കുളിപ്പിച്ച് കുറിതൊട്ട് കൊന്നപ്പൂവു കൊണ്ടലങ്കരിച്ച് കൃഷിസ്ഥലത്ത് കൊണ്ടുവരും. പുതിയ കലപ്പ ഉപയോഗിച്ച് നിലം ഉഴുതു മറിച്ച് വിത്തിടുന്ന ഈ ചടങ്ങിന് ചാലിടൽ അഥവാ ചാലു കീറൽ എന്നു പറയും. കൃഷി രീതികൾ മാറുമ്പോൾ ഇത്തരം ജൈവികമായ ആചാരങ്ങളും മറഞ്ഞുപോകുന്നു എന്നത് സ്വാഭാവികം.

ചരിത്രവും ഐതിഹ്യവുമെന്തുമാകട്ടെ. വിഷു ഇതാ സംപ്രാപ്തമായി. കണിയായും കൈനീട്ടമായും ഇക്കുറി വായനശാല ഇ–വാക്ക് വിഷുപ്പതിപ്പായി നിങ്ങളുടെ മുന്നിലെത്തിക്കുകയാണ്. കണിക്കൊന്നയും കണിവെള്ളരിയുമില്ലെങ്കിലും താലത്തിൽ നിറച്ചു നീട്ടാൻ ഈ പൊൻ നാണയങ്ങളാണ് വായനശാലയുടെ വിഷുക്കൈനീട്ടം. വിഷുക്കാലം പുലരട്ടേ, കൈനീട്ടം പൊലിക്കട്ടെ

ഏവർക്കും വിഷു ആശംസകൾ.

എഡിറ്റർ

5

മലയാളത്തിരുമുറ്റത്തെ മണികർണ്ണികാരങ്ങൾ

പ്രദീപ് കുമാർ കെ

കഥ

13

കമോൺ കാമൻ അങ്കിൾ

ഉണ്ണി ആവട്ടി

28

പടിയിറക്കം

ശ്രീകുമാർ എം

ഓർമ്മകളുടെ മഴവില്ല്

25

മനസ്സിലുണ്ടാവട്ടെ

സന്തോഷ്കുമാരി എം ആർ

കവിത

19

ഹൃദയ വിഷു

ശ്രീരേഖ ആർ

24

ഇത്തിരി നനവാകുക

സുമ രാമചന്ദ്രൻ

31

ഏപ്രിൽ

പ്രസീദ മോഹൻ

ഓർമ്മ

20

ഹൃദയത്തിൽ പടർന്ന് വെളിച്ചമേകുന്ന അമ്മ നട്ട പൊൻകണിക്കൊന്നകൾ

ബൈജു സി പി

32

മഞ്ചാടിമണികൾ

നാവിഗേഷൻ : രചനയുടെ പേരിൽ ക്ലിക് ചെയ്താൽ ആ രചന തുടങ്ങുന്ന പേജിലേക്ക് എത്താം. അതുപോലെ ഏത് പേജിലേയും പേജ് നമ്പറിൽ ക്ലിക് ചെയ്താൽ ഉള്ളടക്കം എന്ന ഈ പേജിലേക്കും എത്താനാവും. രചനകളിൽ നീല നിറത്തിലുള്ള വാക്കുകൾ അവയുടെ വിശദാംശങ്ങളിലേക്കുള്ള ഹൈപ്പർലിങ്കുകളാണ് ഫോണുകളിൽ അഡോബി, ലിബ്രെ തുടങ്ങിയ നല്ല റീഡറുകളിൽ ഇത് ശരിയായി പ്രവർത്തിക്കും.

മലയാളത്തിരുമുറ്റത്തെ മണികർണ്ണികാരങ്ങൾ

പ്രദീപ് കുമാർ കെ

വിഷു

വിശ്വാസത്തിലോ ആചാരത്തിലോ അനുഷ്ഠാനത്തിലോ ഐതിഹ്യത്തിലോ ഏകതാനമായ സ്വഭാവം പുലർത്തുന്ന ഒരു ത്സവമല്ല. രാമനും കൃഷ്ണനും സൂര്യനും ദേശ വൈവിധ്യത്തിനനുസരിച്ച് വിഷുക്കഥകളിൽ നിറയുന്നുണ്ട്.

കഥകളെന്തായാലുംമലയാളത്തിന്റെ ഈ കാർഷികോത്സവം കവി മാനസങ്ങളെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്. മലയാളികളുടെ മനം നിറച്ച ചില വിഷുക്കവിതകൾ നമുക്ക് പരിശോധിക്കാം.

വിഷു ആശംസകളിൽ നവമാധ്യമങ്ങൾക്ക് ഒഴിവാക്കാനാകാത്ത ഒരു വൈലോപ്പിള്ളി കവിതയിൽ തുടങ്ങി വയ്ക്കാം.

"ഏത് ധൂസര സങ്കൽപങ്ങളിൽ വളർന്നാലും
ഏത് യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാകട്ടെ
ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും
ഇത്തിരിക്കൊന്ന
പൂവും."

(കവിത –വിഷുക്കണി)

ഓരോ വിഷു നാളിലും മലയാളികൾ ഏറ്റവും അധികം അർത്ഥം ഗൂഗിൾ സെർച്ച് ചെയ്യുന്ന പദമാണത്രേ "ധൂസരം" 1960 കളിൽ എഴുതിയ ആ വരികളിലെ ദീർഘദർശനം സമ്മതിക്കാതെ വയ്യ .

ഭൂമി ചുട്ടുപൊള്ളുന്ന ഒരു മേടമാസത്തിൽ നിർന്നിമേഷനായി തറവാട്ടു വീട്ടിലിരിക്കുന്ന കവിക്കു മുന്നിൽ മറ്റൊരു പൊൻ കണിക്കുടി വിരിയുന്നുണ്ട്.

"അപ്പുറത്തുത്സാഹത്തിലാണു
നിന്നോട്ടൻ ഞാനോ
നിഷ്ഫലമെന്തോ
വായിച്ചുമ്മറത്തിരിക്കവേ
മിണ്ടാതെയാരോ വന്നെൻ
കണ്മിഴി പൊത്തിക്കണി
കണ്ടാലുമെന്നോതി
ഞാൻ പകച്ചു നോക്കുന്നേരം
എന്തൊരത്ഭുതം
കൊന്നപ്പൂങ്കുല വാരിച്ചാർത്തി
സുന്ദരമന്ദസ്മിതം തൂകി



വൈലോപ്പിള്ളി
ചിത്രം : ശ്രീധരൻ ടി പി

നില്ക്കുന്നു നീയെൻ മുന്നിൽ"

പിന്നീട് ജീവിത സഖിയായി മാറിയവളുടെ മടിയിലെ മണിക്കുട്ടനുള്ളതാണ് മേലെ കണ്ട ധൂസരാംശംസ. എങ്കിലും മലയാളികളാകമാനം വിഷു ആശംസിക്കാൻ വൈലോപ്പിള്ളിയുടെ ഈ കവിതാ ശകലം സദാ ഉദ്ധരിക്കുന്നു.

വിട എന്ന കവിതാ സമാഹാരത്തിൽ വൈലോപ്പിള്ളി വിഷുക്കണി എന്ന പേരിൽ തന്നെ മറ്റൊരു കവിത എഴുതിയിട്ടുണ്ട്. ആദ്യ കവിതയിൽ നിന്നും വിഭിന്നമായി കുറേക്കൂടി സമത്വവും സഹോദര്യവും ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്ന ഒരു കവിതയാണ് അത്.

“എങ്ങാനുമുണ്ടോ വെട്ടം?
ചുറ്റിയുൾ നാട്ടിലെൻ
ചങ്ങാതിമാർതൻ ഗേഹ–
മിപ്പോഴുമിരുട്ടിൽത്താൻ.
വീടുതോറുമേ കണി–

അയ്യപ്പപ്പണിക്കർ
ഫോട്ടോ : വിക്കിപീഡിയ

നിരന്നിട്ടതിൽ വിള–
യാട്ടുമോ നീ,യെല്ലാർക്കു–
മന്നപൂർണ്ണയാം ദേവി?”

എന്ന പ്രാർത്ഥനയോടെയാണ് കവിത അവസാനിക്കുന്നത്. വിഷുവിനെ സമത്വ സുന്ദരമായ ലോകത്തെക്കുറിച്ചുള്ള മഹത്തായ സങ്കല്പമായി കവി വിഭാവനം ചെയ്തിരിക്കുന്നു. വിഷു ആശംസകർക്ക് പിന്നെ ഏറെ പ്രിയപ്പെട്ട കവി അയ്യപ്പണിക്കരാണ്.

"എനിക്കാവതില്ലേ
പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ
കണിക്കൊന്നയല്ലേ
വിഷുക്കാലമല്ലേ
പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ "

എന്നു വിളിച്ചു പറയുന്ന കണിക്കൊന്നയും പൂങ്കുലയും ആശംസകൾക്കായി ഇപ്പോഴേ ഒരുക്കി വച്ചിട്ടുള്ളവരാകും നമ്മളിൽ പലരും. കാര്യമെന്തുപറഞ്ഞാലും

ഒ.എൻ.വി കുറുപ്പ്
ഫോട്ടോ : കണ്ണൻ ഷൺമുഖം

കടുംവേനലിൽ വിരിഞ്ഞ പീതപുഷ്പങ്ങളെയും വർണ്ണത്തെയും ഇത്രമാത്രം പാടിപ്പുകഴ്ത്തിയ മറ്റൊരു കവിയുണ്ടാകില്ല.

"ഒരു നിറം മാത്രമേ
തന്നതുള്ളൂ വിധി
എനിക്കാവതില്ലേ
പലവർണമാകാൻ
കണിക്കൊന്നയല്ലേ
വിഷുക്കാലമല്ലേ"

"വധുവിനെയൊരുക്കാനെ
ടുക്കുന്ന മഞ്ഞൾ
നിറത്തിൽ നിറയുന്ന
ശൃംഗാരവർണം
കടക്കണ്ണെറിഞ്ഞാൽ
പിടിച്ചിങ്ങെടുക്കാൻ
തരിക്കുന്ന വ്യാമോഹ
താരുണ്യവർണം
കല്യാണമന്ത്രം
പൊഴിക്കുന്ന വർണം
കളകളം പാടിക്കുണുങ്ങുന്ന
വർണം
താനെ മയങ്ങിത്തിളങ്ങുന്ന
വർണം
വേറുള്ളതെല്ലാം തിളക്കുന്ന
വർണം

ആലങ്കോട് ലീലാകൃഷ്ണൻ
ഫോട്ടോ : കണ്ണൻ ഷൺമുഖം

പകൽനേർത്തുനേർത്തീ
ക്കടൽമാല ചാർത്തുന്നൊ
രന്തിച്ചുവപ്പിന്നകമ്പടി
വർണം
പന്ത്രണ്ടു സൂര്യന്റെ കിരണ
ങ്ങൾ മേഘ–
ഷരപ്പാലരിച്ചതു പതിമ്മൂന്നു
പൗർണമി–
യിലാറ്റിക്കുറുക്കിപ്പൊടിച്ചെ
ടുത്തെന്നും തിളങ്ങുന്ന
വർണം
ആ വർണരേണുക്കൾ
മിന്നിത്തിളങ്ങു–
ന്നൊരെന്മേനി പൊന്മേ
നി പൂമേനിയല്ലെ "

ആണെന്നു കണ്ണടച്ചു സ
മ്മതിച്ചു പോകുന്ന വാക്ചാ
തുരി.

പ്ലാസ്റ്റിക്ക് കൊന്നമലരുക
ൾ സാർവത്രികമാവാത്ത
ഒരുകാലത്ത് ഒ.എൻ വി കു
റുപ്പ് എഴുതിയ എന്തിനിന്നും
പൂത്തു എന്ന കവിതയിൽ
പ്രകൃതിയിൽ നിന്നും അക
ലാൻ തുടങ്ങുന്ന മനുഷ്യനെ
കവി മുൻകൂട്ടി കാണുന്നു
ണ്ട്. പാരമ്പര്യങ്ങളിലും
അനുഷ്ഠനങ്ങളിലും ഉറച്ചു
പോയ പഴങ്കണ്ണുകളുടെ കാ
ഴ്ചയും വ്യാകുലതയും കവിത
യെ വ്യത്യസ്തമായ ഒരു തല

ബാലാമണിയമ്മ
ചിത്രം : ശരീധരൻ ടി പി

ത്തിൽ നിലനിർത്തുന്നുണ്ട്.

"ചന്തയിൽ നിന്നഞ്ചുരുപ
ക്കൊന്നായൽക്കാർ വാങ്ങി
കൊണ്ടു വന്ന കൊച്ചു ശീമ
ക്കൊന്ന മലർ കാൺകെ
തന്റെതല്ലാ കിടാവിനെ
കണ്ട തള്ളയെപ്പോൽ
എന്റെ മുത്തശ്ശിക്കു പഴം
കണ്ണു കലങ്ങുന്നു.

ഫോട്ടോ : അയൻ തളിയാപ്പറമ്പിൽ

അക്കിത്തം
ഫോട്ടോ : ഷാജി മുള്ളൂക്കാരൻ

ഒന്നു മറിയാതെയെങ്ങോ
പൂത്തു കണിക്കൊന്ന
പിന്നെയും പൂ നന്ദിനിതൻ
അശ്രുവാർന്നപോലെ "

മേടച്ചൂടും നിയമസഭാ പോരാട്ടച്ചൂടും ഒരുമിച്ച് തിളയ്ക്കുന്ന വിഷുക്കാലമാണ് ഇപ്രാവശ്യം ശ്രീ ആലങ്കോട് ലീലാകൃഷ്ണന് അദ്ദേഹത്തിന്റെ വിഷുക്കതിർ എന്ന കവിതയും ഓർക്കാതെ പോകാൻ ആകില്ല

"വിണ്ടപാടത്തിൻ മീന –
പ്രളയപ്പൊരിച്ചിലിൽ
മുണ്ടകൻ വയൽക്കരെ
മഴനൂലിറങ്ങുമ്പോൾ
പിന്നെയും മേടത്തിന്റെ
സൂര്യസംക്രമത്തേരിൽ
പൊന്നണിഞ്ഞെത്തുന്നുവോ
മണ്ണിന്റെ വിഷുക്കതിർ"

ബാല്യവും കൗമാരവും പിന്നിട്ട് കടന്നുപോയ 67 വർഷങ്ങളെ തിരിഞ്ഞു നോക്കുന്നതിൽ തെളിഞ്ഞ ആശാനിരാശകളാണ് ബാലാമ



മുല്ലനേഴി
ഫോട്ടോ : വിക്കിപീഡിയ

ണിയമ്മയുടെ വിഷു എന്ന കവിത.

"മറയുമാണ്ടിനെത്തടവി
മിന്നുന്നൂ
മഹാനഗരത്തിൻ വിടർന്ന
കണ്ണുകൾ.
അവയിലൂടെ ഞാനര
ക്ഷണം കണ്ടേ,–
നറുപത്തേഴാണ്ടിൻ വിഷു
വിളക്കുകൾ.
ചുളി പടരുമെൻ മുഖം
മുകുരത്തിൽ;
കണിത്തിരികൾക്കു
പിറകിലായ്ക്കാലം
കനത്ത ഭിത്തിമേൽപ്പതിച്ച
മുദ്രകൾ;
കുരുന്നു കൈകൾ തൻ
കളിമ്പ രേഖകൾ,"

ബാലാമണിയമ്മയുടെ ഇതര കവിതകളെ അപേക്ഷിച്ച് വിഷു എന്ന കവിതക്ക് എടുത്തു വയ്ക്കാൻ പ്രത്യേകതകൾ ഒന്നുമില്ല എങ്കിലും നഗര വിഷുക്കാഴ്ചകളൊരുക്കുന്ന വിഷുക്കവിതകളിൽ ഇതും സ്ഥാനം പിടിക്കുന്നു

വിഷുക്കാലത്തിന്റെ വേനൽച്ചൂട് എല്ലാ കവികളും അവരുടെ കവിതകളിൽ ആവാഹിച്ചിട്ടുണ്ട് എങ്കിലും മുല്ലനേഴിയുടെ മുറ്റത്തെ കണിക്കൊന്ന എന്ന കവിതയിൽ ഉള്ളിടത്തോളം തീവ്രത മറ്റൊരു മേട വെയിലിലും കാണാൻ സാധിക്കില്ല.

"അറ്റവേനലാണില്ലാ
കുടിനീ,രെന്നാലെന്റെ
മുറ്റത്തെക്കണിക്കൊന്ന
പൂത്തുനില്ക്കുകയല്ലോ!
കത്തുന്നൊരുഷ്ണക്കാറ്റിൻ
ചിറകിൽ തീനാവുമായ്
മൃത്യുവന്നെത്തുന്നൊരീ
വിഷുവൽപ്പുലരിയിൽ
കരിഞ്ഞ നെൽപാടങ്ങൾ,
കർഷകർ വിതുമ്പുന്ന
പൊലിഞ്ഞ സ്വപ്നങ്ങൾ,
ഈനാടാകെ
ത്തിളയ്ക്കുമ്പോൾ
എങ്ങനെയാഘോഷിയ്ക്കും
വിഷു നാം നമ്മെത്തന്നെ
ചങ്ങലയ്ക്കിട്ടുന്നോരീ
ഭ്രാന്താശുപത്രിയ്ക്കുള്ളിൽ?"

ഇങ്ങനെയൊക്കെ ആധിപ്പെടുന്നതിന്റെ കാരണവും കവിതയിൽ കവി വിശദമായി ചേർത്തിട്ടുണ്ട്.

"കാതിൽ മന്ത്രിപ്പൂ
കണിക്കൊന്ന,
യിക്കാലത്തിന്റെ
കാപട്യമറിയായ്കയാലെ നീ
കവിയായി
ഒരു നക്ഷത്രം മങ്ങി

യൂസഫലി കേച്ചേരി
ഫോട്ടോ : വിക്കിപീഡിയ

മായുമ്പോൾ കേഴുന്നു നീ
ഒരു പൂകൊഴിയുമ്പോൾ
കണ്ണുനീർ വാർക്കുന്നു നീ
ദുരിതം തീതുപ്പുന്ന
വർത്തമാനത്തിൽ,
മർത്ത്യ-
ചരിതം മറ്റൊന്നാക്കാൻ
വെമ്പൽ കൊണ്ടീടുന്നു നീ
പാവമാം നാട്ടിൻ
പുറക്കാരിയെങ്കിലും, വെറും
പാവയല്ലല്ലോ നിന്റെ
മുറ്റത്തെക്കണിക്കൊന്ന
ആകയാൽമണ്ണിൻ മാറിൽ
പൂത്തുനില്ക്കുന്നു, വിശ്വ-
മാകെയുമൊന്നാകുന്ന
വിഷുവൽപ്രതീക്ഷയാൽ. "

അതെ വിഷു വിശ്വമൊന്നാകുമെന്ന സാർവ്വലൗകിക സിദ്ധാന്തവും സ്വപ്നം കാണുന്നുണ്ട്.

അക്കിത്തത്തിന്റെ കവിതകളിൽ പൂവും കനിയും പൂമ്പാറ്റയും സർവ്വ ചരാചരങ്ങളും സമമാണ്. പൂവും പൂമ്പാറ്റയും ഒന്നാണെന്ന് അദ്ദേഹത്തിന് തോന്നുന്നതിൽ ഒ

പി കുഞ്ഞിരാമൻ നായർ
ചിത്രം : ശ്രീധരൻ ടി പി

രത്ഭുതത്തിനുമവകാശമില്ല.

കൊന്നമരങ്ങളിൽ
സ്വർണ്ണം വിളയുന്ന
പുണ്യകാലങ്ങളിൽ
ചൈത്രത്തിൽ മൂളുന്ന
പൊന്നൊളിപ്പോക്കുവെയ്
ലോളത്തിൽ
മുങ്ങിക്കുളിക്കുന്ന പൂമ്പോറ്റേ
(വിഷുത്തലേന്ന്)

രണ്ടെന്ന ഭാവമില്ലാത്ത കാവ്യപ്രപഞ്ചമാണ് അക്കിത്തം എന്നും സൂക്ഷിച്ചുവയ്ക്കുന്നത്. കവിതകളിൽ നിറയു

സുഗതകുമാരി
ഫോട്ടോ : നവനീത് കൃഷ്ണൻ



സച്ചിദാനന്ദൻ
ഫോട്ടോ : കണ്ണൻ ഷൺമുഖം

ന്നത് സാർവത്രിക സ്വാത്വിക ഭാവവും.

"കവടി നിരത്താതെ
പഞ്ചാംഗം നിവർത്താതെ
വിഷുവെന്നാണെന്നോതി
മുറ്റത്തെ കണിക്കൊന്ന
ദാഹത്താലെരിയുന്ന
പാരിതിൽ പരഹർഷ-
ദാനധന്യതയാർന്നു
വിലസും മണിക്കൊന്ന..
പഞ്ചാഗ്നി
മധ്യത്തിൽപൊൻവൈജ
യന്തിയുമേന്തി-
പ്പുഞ്ചിരി പെയ്തേ നിൽക്കും
നിന്റെയീ തിതിക്ഷയെ

വിഷുമഹത്വം പാടിയും പറഞ്ഞും മതിയാകാത്ത കവി ആയിരുന്നു യൂസഫലി കേച്ചേരി.

വിഷു വരവിന്റെ ചന്തം പി. വരച്ചതുപോലെ ആരെങ്കിലും വരച്ചിട്ടുണ്ടാകുമെന്നും തോന്നുന്നില്ല. പരമ്പരാഗതമായ ആ വിഷുവരവ് മല

യാളിത്തം തുളുമ്പുന്ന ചന്ത
ത്തിൽ പി കുറിച്ചതിങ്ങനെ

"പൂർണഗർഭം ചുമന്ന
തേന്മാവിൻ
പൂവിനുള്ളിൽ
കനികളൊതുക്കി
നാണംപൂണ്ട പനസത്തിൻ
മാറിൽ
വീണുറങ്ങും കിടാവിനെ
നോക്കി
പിഞ്ചു ചെന്തളിർ കൊത്തും
കുയിലിൻ–
കുഞ്ഞിനെക്കൊച്ചുഗായക
നാക്കി
താവും ഗന്ധം പരത്തും
പറക്കി–
മാവിന്നിഷ്ടു
വരവുമരുളി.........

ദീർഘമായ വിവരണം.
വയൽക്കരയിൽ വീണ്ടും
കണിക്കൊന്ന പൂത്തതും
മഞ്ഞക്കിളിയെന്തോ ഓർ
ത്തിരുന്നതും കൊച്ചുനക്ഷ
ത്രത്തെ മടിയിലിരുത്തി സ
ന്ധ്യആരെയോ കാത്തിരു
ന്നതും ഓർത്തു പാടുന്നുണ്ട്
കവി.

ഫോട്ടോ: വിനയരാജ്

വെറുതെ ഒരു വിഷു ,വിഷു
പിന്നെയും എന്നീ കവിതക
ൾ എഴുതിയത് സച്ചിദാനന്ദ
ൻ ആണ് മലയാളികൾക്ക്
ഏറെ പ്രിയമുള്ള കവിതക
ളാണിവ രണ്ടും .

"ശരി; മാമ്പഴക്കാല –
മോർത്തു പേ പിടിക്കാതെ
വെയിലിൻ കൊന്നപ്പൂവേ
മൂട്ടുകെൻ വിരഹങ്ങൾ."
മിത്തുകൾ തീർത്ത മായിക
ലോകത്തു നിന്നും യാഥാർ
ത്ഥ്യത്തിന്റെ കനൽക്കട്ടക
ളിൽ കാലൂന്നി നിൽക്കുക
യാണ് കവി.

സുഗതകുമാരി ടീച്ചർക്ക് വി
ഷു കണ്ണനും കണിയുമാണ്.
"ഉണ്ണീ ഉറക്കമുണർന്നോളൂ
എന്ന കവിതയിലെ കണി
വയ്പ് നോക്കൂ.

"നിറ തിരിയിട്ട വിളക്കുണ്ട്
നിറ മുന്നിൽ നിറഞ്ഞുണ്ട്
തേച്ചു മിനുക്കിയൊ
രോട്ടുരുളി
ഓട്ടുരുളിക്കുള്ളിൽ
എന്തെല്ലാം
കണി വെള്ളരിക്കയും
ചെങ്കരിക്കും
കുലയുടെ മാങ്ങയുമുണ്ടല്ലോ
കുങ്കുമം തൊട്ടൊരു
നാളികേരം
അന്തസ്സ് ഭാവിച്ചിരിപ്പല്ലോ
തട്ടത്തിൽ അമ്മതൻ
പാവുമുണ്ടും
വെട്ടിത്തിളങ്ങുന്ന പൊന്നു
നൂലും
ചെപ്പ് വാൽക്കണ്ണാടി വെറ്റ
പാക്കും

പുത്തരി, ചന്ദനം പുസ്തകവും
നിറയെ പവൻ വാരി തൂകും
പോലെ
നിറമേറും നൽ കൊന്ന
പൂവുകളും
നല്ലോണ്ണം നല്ലോണ്ണം
കണ്ടോളൂ
നല്ലതു തന്നെ വരുമല്ലോ"

ഫോട്ടോ : വിഷ്ണു കുന്നത്തുള്ളി

കണി വയ്പ്പിനു തന്നെ നിയതമായ നിബന്ധനകളില്ലെന്ന് കവിതകൾ തന്നെ നമ്മളെ പഠിപ്പിക്കുന്നു. ഏറ്റവും ദീർഘവും ഏറ്റവും അധികവും വിഷുക്കവിതകൾ എഴുതിയിട്ടുള്ളത് മേൽ വിവരിച്ച കവികൾ ആരുമല്ല അത് മഹാകവി പാലാ നാരായണൻ നായരാണ്. അദ്ദേഹത്തിന്റെ വിഷുക്കണികളിൽ കൂടി ഒന്നു കണ്ണോടിക്കാം.

"ആലുവാ ശിവരാത്രി കണ്ട
കേരള നാട്ടിലാളുമാ
വിഷുക്കണിക്കേകുന്ന
കലാഭംഗി
ധാന്യവും കൊന്നപ്പൂവും

പാലാ നാരായണൻ നായർ
ഫോട്ടോ : വിക്കിപീഡിയ

വെള്ളരിക്കയും ചെപ്പും
സ്വർണ്ണവും കണ്ണാടിയും
വസ്ത്രവും കണിത്താലം
നീല വാനിലെ കോണിൽ
പെരുമീനുദിക്കുമ്പോൾ
താലവും തയ്യാറാക്കി
നിന്നിടും വധൂടികൾ
ചുണ്ടിലായ് മന്ദസ്മിത
പൂക്കളും മുടിക്കെട്ടിൽ
ചെണ്ടുമായ് പ്രഭാതം
പോൽ നിന്നിടും വധൂടി
കൾ അണിയിച്ചൊരുക്കിയ
പൈകിടാവിൻ പിന്നിൽ
അണയും പുതുക്കണി
കാണുവാൻ പഴമക്കാർ
പുണ്യമാണിവ എല്ലാം
കാണുക പൂക്കാലത്തെ
കണ്ണടച്ചിരുട്ടത്ത്
നിൽക്കാതെ മലനാടേ"

വിഷു വരുമ്പോൾ എന്ന കവിതയിൽ ഡോ: സജി ഒരുക്കിയ കണിയും ഭംഗിയുള്ളതു തന്നെ

"ഒരു മധുരച്ചക്കയുമൊരു
തേൻമാമ്പഴവും
നാഴിയിലരിയും
കണ്ണാടിയുമെണ്ണ വിളക്കും
കണിയായിയൊരുക്കി
നിരത്താം
കുഞ്ഞിക്കൈ നീട്ടി
വരുമ്പോൾ ഉണ്ണിക്കൊരു
പൊന്നിൻ നാണ്യം
നാളേക്കു സമൃദ്ധി
വരുത്താനാശിച്ചു നിനച്ചു
കൊടുക്കാം

മലയാളത്തിരുമുറ്റത്തു വിടർന്ന മണികർണ്ണികാരങ്ങൾ ഇനിയുമേറെയുണ്ടാകാം. ഒരോ വിഷുവും വാഴ്ത്തുപാട്ടുകളിൽ നിറയുന്നതും വേനലിലും നമ്മൾ നനയുന്നതും ആ പൂമഴയിലാകയാൽ നിർത്താതെ
പെയ്യട്ടെയീ
കണികർണ്ണികാരങ്ങൾ ....

കഥ

കമോൺ കാമൻ അങ്കിൾ

ഉണ്ണി ആവട്ടി

വര : രാജേഷ് ശർമ്മ

എറണാകുളം നിസാമുദ്ദീൻ ട്രെയിനിൽ ഡൽഹി റെയിൽവെ സ്റ്റേഷനിൽ വന്നിറങ്ങിയ ആദിത്യനും സൂര്യയും, തിരക്കുകളൊക്കെ ഒന്നൊതുങ്ങിയപ്പോൾ, സാവധാനം സ്റ്റേഷനിൽനിന്നും പുറത്തേക്കിറങ്ങി. പുറത്തു കാത്തുകിടപ്പുണ്ടായിരുന്ന ഒരു ടാക്സിയിൽ കയറി അഡ്രസ്സു പറഞ്ഞു കൊടുത്തു.

"ബി 31– തക്ഷശില അപ്പാർട്ട്മെന്റ് – 57 ഐ.പി എക്സ്റ്റൻഷൻ, പത്പർഗഞ്ച്."

രണ്ടാഴ്ചക്കാലത്തെ നാട്ടിലെയും ഒപ്പം തെരക്കുപിടിച്ച ട്രെയിൻ യാത്രയുടെയും ക്ഷീണം കൊണ്ടാകാം കാറിൽ കയറിയ ഉടനെ സൂര്യ മയക്കത്തിലേക്കു വീണു. ഉറക്കത്തിൽ അവൾ പിച്ചും പേയും പറഞ്ഞു കൊണ്ടിരുന്നു.

"കാമാ...ഹേയ് ലോഡ് കാമാ... പ്ലീസ് ഡോണ്ട് ഗോ ടു വേർഡ്സ് നോർത്ത് മോസ്റ്റ് ആന്റ് സൗത്ത്മോസ്റ്റ് പാർട്ട് ഓഫ്



കേരള. യു വിൽ ബി ഇൻ ടബിൾ കാമാ... ആൾ സോ... ഐ ഹംബ്ലി റിക്വസ്റ്റ് യു ട കം എററ് ഏൻ ഏളി ഡേറ്റ് ഇൻ ദ നെക്സ്റ്റ് ഇയർ...കാമാ...കാമൻ അങ്കിൾ...കമോൺ കാമാ... പ്ലീസ് ഹിയർ മി കാമാ....

കുട്ടിയുടെ ഉച്ചത്തിലുള്ള ഉറക്കപ്പിച്ചകേട്ട കാർ ഡ്രൈവർ ചിരിച്ചു കൊണ്ട്,

"കേരളത്തിന്റെ ഏറ്റോം തെക്കോട്ടും ബടക്കോട്ടും പോലേ കാമാ... ഈന്തട തന്നു പറ്റിക്ക്യേ കാമാ...ഈന്നോല പന്തലിലാക്ക്യേ കാമാ...മുൾക്കാട്ടിലാക്കി ദ്രോഹിക്ക്യേ കാമാ... അടുത്ത കൊല്ലം കയ്യുന്നേം നേരത്തെ കാലത്തന്നെ ബരണേ കാമാ... സാർ ഇതു തന്നെല്ലേ കുട്ടി ഒറക്കത്തിൽ പറേന്ന്?" എന്നു തനി വടക്കൻ മലബാറിൽ ചോദിച്ചപ്പോഴാണ്, ഡ്രൈവർ കണ്ണൂർകാരനാണെന്ന കാര്യം ആദിത്യനും മനസ്സിലായത്.

ചിരിച്ചുകൊണ്ടുതന്നെ ആദിത്യനും മറുപടി പറഞ്ഞു.

"അതെ... അതെ. ഞങ്ങൾ കണ്ണൂരിലെ ഞങ്ങളുടെ ആവട്ടി നാട്ടിലെ പൂരാഘോഷം കഴിഞ്ഞു മടങ്ങുന്ന വഴിയാണ്. ഇവൾക്ക് ആഘോഷത്തിന്റെ ഹാങ്ങ്ഓവർ ഇതുവരെയും വിട്ടുമാറിയിട്ടില്ല. മിനിയാന്നായിരുന്നു, ഉത്സവം കഴിഞ്ഞത്. നിങ്ങൾ കണ്ണൂരിലെവിടെയാ...പേര്?"

"ദാമോദരൻ. പയ്യന്നൂരിനടുത്തന്നേള്ള മാതമംഗലം. ആടേം മീനമാസത്തിലെ പൂരോത്സവം ഗംഭീരായിറ്റ് നടത്താറ്ണ്ട്. ഉത്സവവിശേഷങ്ങള് ഇന്നലെ അമ്മ ഫോൺ ചെയ്യുപ്പോൾ വിശദായിറ്റ് പറഞ്ഞിരുന്നു. ആ ഓർമ്മേലാന്ന് കുട്ടീടെ ഇംഗ്ലീഷ് കാമനെ പെട്ടെന്നു തന്നെ പുടികിട്ടിയത്. ഞാനും മിക്ക പൂരോത്സവത്തിനും പോവാറ്ണ്ട്. പക്ഷെ ഇപ്രാവശ്യം നാട്ടിലെത്താൻ കയിഞ്ഞില്ല."

ദാമോദരന്റെ വാക്കുകൾ ഒരു മയക്കത്തിലേക്ക് വീഴാനൊരുങ്ങിയ ആദിത്യനിലെ പൂരം ചിന്തകളെയും പതുക്കെ പതുക്കെ ഉണർത്തിത്തുടങ്ങി. പതിനഞ്ചുവർഷം മുമ്പ് ഡൽഹിയിൽ വന്നതിന്നുശേഷം, ഇപ്രാവശ്യം മാത്രമാണ് താൻ, പൂരോത്സവക്കാലത്ത് നാട്ടിലേക്ക പോകുന്നത്. സാധാരണ കുട്ടുതലായും പോകാറുള്ളത്, ദീപാവലി സമയത്താണ്. ഒരു പ്രൈവറ്റു കമ്പനിയിൽ ജോലി ചെയ്യുന്ന തനിയ്ക്ക് തിരുവോണത്തിനു പോലും ലീവു കിട്ടാറില്ല. ദീപാവലിക്കാണെങ്കിൽ ഒരാഴ്ചക്കാലത്തോളം ലീവും കിട്ടും. ഐ.ടി.കമ്പനിയിൽ ജോലി ചെയ്യുന്ന ഭാര്യ അനുരാധയുടെ കാര്യവും തഥൈവ. അവൾക്ക് ലീവെടുക്കാൻ ഒട്ടും കഴിയാത്തതു കൊണ്ടാണ്, ഇപ്രാവശ്യം താനും മകളും മാത്രമായി നാട്ടിലേക്കു പോയത്. പൂരത്തിന് നാട്ടിലേക്കു പോകണമെന്ന് നേരത്തെ തീരുമാനിച്ചുറപ്പിച്ചതൊന്നുമായിരുന്നില്ല. അമ്മയുടെ നിർബന്ധം തന്നെയായിരുന്നു പെട്ടെന്നുള്ള ഒരു തീരുമാനത്തിലേക്കെത്തിച്ചത്.

"മോനേ.. ആദീ... നിന്റെ മുത്തശ്ശിക്കു തീരെ വയ്യ. തീരെ കിടപ്പല്ലന്നെയുള്ളൂ. ഇപ്രാവശ്യത്തെ തറവാട്ടിൽ പൂരാഘോഷം എല്ലാവരെയും വിളിച്ചുകൂട്ടി നടത്തണമെന്ന നിർബ്ബന്ധത്തിലാണ് അമ്മ. എന്തൊക്കെ പറഞ്ഞിട്ടും പിന്മാറുന്ന മട്ടില്ല. ഊണും ഉറക്കവുമില്ലാതെയുള്ള വാശിയിലാണ്. ബാക്കി എല്ലാ കാര്യത്തിനും കലശലായ ഓർമ്മക്കുറവുണ്ടെങ്കിലും ഇക്കാര്യത്തിൽ അമ്മയ്ക്ക് ഭയങ്കര ഓർമ്മയാണ്. എല്ലാ ദിവസവും പഞ്ചാംഗം നോക്കി തീയ്യതിവരെ കുറിച്ചു നോക്കും. പിന്നീട് അത് കലണ്ടറിൽ അടയാളപ്പെടുത്തി വെക്കുകയും ചെയ്യും. എന്നെക്കൊണ്ട് ബാക്കിയുള്ളവരെയെല്ലാം വിളിപ്പിച്ച്, സമ്മതിപ്പിച്ചു കഴിഞ്ഞു. ഗൾഫിലുള്ള അമ്മിണിച്ചേച്ചിയുടെ മകൾ പ്രവീണയും കുടുംബവും ഫ്ലൈറ്റിനുള്ള ടിക്ക

റ്റുവരെ ബുക്കുചെയ്തു കഴി ഞ്ഞു. നിങ്ങളുടെ ലീവെടു ക്കാനുള്ള ബുദ്ധിമുട്ടറിയുന്ന തുകൊണ്ട്, ഞാൻ മടിച്ചു മടിച്ചു നിന്നതാണ്. പക്ഷേ രണ്ടുമൂന്നു ദിവസമായിട്ട് നിന്റെ കാര്യം ചോദിച്ചു കൊണ്ട് അമ്മ സ്വൈര്യം തരുന്നില്ല. വയസ്സും പ്രായ വും ആയ ആളല്ലേ....ഇനി

എത്രകാലം ഉണ്ടാവുമെ ന്നാർക്കറിയാം... ഒരാഗ്ര ഹം പറഞ്ഞ സ്ഥിതിക്ക്... എങ്ങിനെയെങ്കിലും ലീവെ ടുത്തു വരാൻ ശ്രമിക്കു ..."

മുത്തശ്ശി തന്റെയും ഒരു വീ ക്ക്നെസ്സ് തന്നെയായിരു ന്നു. ഒരു പ്രത്യേക മമതയും വാത്സല്യവുമായിരുന്നു, മു ത്തശ്ശിക്ക് തന്നോട്. പത്മാ വതിയുടെ അഞ്ചു പെൺമ ക്കളുടെയിടയിലെ ഏക ആൺപ്രജയായതു കൊ ണ്ടാകാം, മുത്തശ്ശി നിലത്തു പോലും വെക്കാതെയാണ് തന്നെഎടുത്തു നടന്നിരു ന്നതെന്ന് അച്ഛനുമമ്മയും കൂടക്കൂടെ പറയാറുമുണ്ട്. മുത്തശ്ശിക്ക് സൂര്യയെയും വ ലിയ കാര്യമായിരുന്നു. സൂ ര്യക്കു തിരിച്ചും അങ്ങനെ

ത്തന്നെ. നാട്ടിലെത്തിയാ ൽ അവൾ എപ്പോഴും മുത്ത ശ്ശിയുടെ മുണ്ടിന്റെ കോന്ത ലയും പിടിച്ചു കൊണ്ടുത ന്നെയാണ്, നടക്കുക.

മീനമാസത്തിലെ കാർ ത്തിക മുതൽ പൂരം വരെയു ള്ള ഒമ്പതു ദിവസമാണ്, ഉ ത്തരമലബാറിലെ പൂരോ ത്സവക്കാലം. സതിവിയോ ഗ ശേഷം കാമവൈരിയാ യി മാറിയ ശിവന്റെ മന സ്സിൽ പാർവ്വതി ദേവിയോട് ആദ്യമായി ഇഷ്ടം തോന്നി യ ദിവസമാണത്രെ മീനപ്പൂ

രം. അതെ... പ്രപഞ്ച സ്രഷ്ടാക്കളായ ശിവപാർവ്വതിമാരുടെ ആദ്യ കൂടിച്ചേരലിന്റെ പുണ്യദിനം. ഇവർ രണ്ടുപേരേയും ഒത്തൊരുമിപ്പിച്ചതോ ഭാരതീയ ഇതിഹാസങ്ങളിലെ കാമത്തിന്റെയും പ്രേമത്തിന്റെയും സൗന്ദര്യത്തിന്റെയും ദേവനായ, സാക്ഷാൽ ബ്രഹ്മാവിന്റെ തന്നെ മാനസപുത്രനായ, കാമദേവനും. കാമദേവന്റെ പഞ്ചബാണശരങ്ങളേറ്റപ്പോൾ കഠിനഹൃദയനായ ശിവന്റെ മനസ്സിൽ പോലും പ്രണയം മൊട്ടിട്ടുവത്രെ. അതുകൊണ്ടുതന്നെ വിവാഹം കഴിയാത്ത കാമനമാർ, മാംഗല്യ സൗഭാഗ്യത്തിനായി കാമദേവനെ ആരാധിക്കുന്ന ചടങ്ങുകളും പൂജകളുമാണ് പൂരോത്സവത്തിന്റെ പ്രധാനപ്പെട്ട ആകർഷണവും സവിശേഷതയും. ദുർഗ്ഗാക്ഷേത്രങ്ങളും തറവാടുകളും കേന്ദ്രീകരിച്ചാണ് പൂരാഘോഷം കൂടുതലായും നടത്തുന്നത്.

അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രയുള്ള ദിവസങ്ങളുംകൂടെ കണക്കാക്കിയാൽ, മുഴുവൻ സമയ ഉത്സവത്തിനും പങ്കെടുക്കണമെങ്കിൽ ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും ലീവു വേണ്ടിവരും. എന്തായാലും താൻ ഒരു പുതിയ കമ്പനിയിലേക്കു മാറുന്ന സമയമായതുകൊണ്ട് പതിനഞ്ചു ദിവസം ജോയ്നിംഗ് പിരിയഡ് ഒത്തുകിട്ടി.

തറവാട്ടിൽ ശരിക്കും ഒരു കുടുംബസംഗമം തന്നെയായിരുന്നു. ഓണത്തിനുവരെ തറവാട്ടിലേക്കു വരാൻ കഴിയാത്ത, അഥവാ മടിച്ചിരുന്ന വിവിധ നാടുകളിലെ വിവിധ ഫ്ലാറ്റുകളിലെ അണുകുടുംബങ്ങൾ എല്ലാവരും ചേർന്ന ഒരു നൂറുപേരുടെ മെഗാസംഘം, മുത്തശ്ശി വിളിയിൽ തറവാട്ടിലേക്കു പറന്നെത്തിയപ്പോൾ തറവാടിനോടൊപ്പം മുത്തശ്ശിയും ഉണർന്നു. എല്ലാവരും ചെറുപ്പമായി. പിന്നെ ആവേശമായി.

വയ്യായെന്നു പറഞ്ഞ് ക്ഷീണിച്ച് അവശയായി നവതിയെയും നോക്കിക്കൊണ്ടിരുന്ന മുത്തശ്ശി, വടി കുത്തിയും കുത്താതെയും വീടിന്റെയുള്ളിലും പുറത്തും ഒരു പത്തൊമ്പതുകാരിയായി ഓടി നടക്കാൻ തുടങ്ങി. പൂരോത്സവത്തിന്റെ ഭാഗമായി കുളക്കടവിൽ വെച്ചു നടക്കുന്ന പെൺകുട്ടികളുടെ പൂവിടൽ ചടങ്ങിന് മുഖ്യകാർമ്മികത്വം വഹിച്ചത് മുത്തശ്ശി തന്നെയായിരുന്നു. ചാണകം കൊണ്ടും മണ്ണുകൊണ്ടും കാമനാരെ വെക്കാനും അമ്മയ്ക്ക് ഒരു ഉപദേശിയായി മുത്തശ്ശിയും ഒപ്പം നിന്നു. ഉത്സവ സമാപനദിവസം പൂരക്കഞ്ഞിയുടെയും പൂര അടയുടെയും റസീപി വരെ അമ്മയ്ക്ക് പറഞ്ഞു കൊടുത്തതും മുത്തശ്ശി തന്നെ. മുത്തശ്ശിയുടെ വിരൽത്തുമ്പും പിടിച്ച്, ഒരു സിൽബന്ധിയായി, വർക്കിംഗ് കൺവീനറായി, അഞ്ചുവയസ്സുകാരിയായ സൂര്യയും കൂടെത്തന്നെയുണ്ടായിരുന്നു.

ഒമ്പതുദിവസം നീണ്ടു നില്ക്കുന്ന പൂരോത്സവത്തിനു പര്യവസാനം കുറിക്കുന്നത്, കാമന്മാരെ യാത്രയാക്കിക്കൊണ്ടാണ്. ചാണകം കൊണ്ടും മണ്ണുകൊണ്ടും ഉണ്ടാക്കിയ കാമൻമാരെയും ഒമ്പതുദിവസമായി അവർക്കു പൂജിച്ച പൂക്കളെയും എല്ലാം കൂടെ വാരിയെടുത്ത്, പ്ലാവിന്റെയോ കല്പകവൃക്ഷമായ തെങ്ങിന്റെയോ കടയ്ക്കൽ കൊണ്ടുവെയ്ക്കും. അങ്ങനെ യാത്രയയക്കുമ്പോൾ പാടുന്ന പാട്ടാണ്, ഇപ്പോൾ സൂര്യ ഉറക്കത്തിൽ പാടിയത്. മുത്തശ്ശി പാടിയ പാട്ട്, സൂര്യക്കു ശരിക്കും മനസ്സിലാകാത്തതുകൊണ്ട്, അതിന് അവൾക്ക് ഇംഗ്ലീഷ് പരിഭാഷ പറഞ്ഞു കൊടുത്തത് താൻ തന്നെയായിരുന്നു.

പൂരാഘോഷവും ഒത്തുകൂടലും എല്ലാംകൂടി രണ്ടാഴ്ച്ചക്കാലം ചടപടേന്നു പറന്നുപോയത് ആരും അറിഞ്ഞില്ല. അടുത്ത കൊല്ലത്തെ മുത്തശ്ശിയുടെ നവതി ഇതിലും അടിപൊളിയാക്കാമെന്ന് മുത്തശ്ശിക്കു വാക്കു കൊടുത്തിട്ടാണ്, മനസ്സില്ലാ മനസ്സോടെ എല്ലാവരും തങ്ങ

ളുടെ ഇടുങ്ങിയ ലോകങ്ങളിലേക്കു തിരികേ മടങ്ങിപ്പോയത്.

താൻ പോലും ഒട്ടും പ്രതീക്ഷിക്കാത്തതായിരുന്നു, തറവാട്ടിലേക്കെത്തിയപ്പോഴുള്ള സൂര്യയുടെ സ്വഭാവമാറ്റം. ഇതിനുമുമ്പ്, ഒരു ദിവസം പോലും അനുരാധയെ പിരിഞ്ഞിരിക്കാത്തവളായിരുന്നു സൂര്യ. അതുകൊണ്ടുതന്നെ മനസ്സിൽ ചെറിയ പിരിമുറുക്കത്തോടെയായിരുന്നു, താൻ നാട്ടിലെത്തിയത്. പക്ഷെ തറവാട്ടിലെത്തിയപ്പോൾ ആദ്യത്തെ രണ്ടുദിവസം മാത്രമായിരുന്നു അവൾ അനുരാധയുടെ ഫോൺപോലും അറ്റന്റ് ചെയ്തത്. ബാക്കിയുള്ള ദിവസങ്ങളിലെല്ലാം അമ്മയോട് ഒരഞ്ചു മിനുട്ട് ഫോണിൽ പോലും സംസാരിക്കാൻ കഴിയാത്തവിധത്തിൽ അവൾ തിരക്കോടു തിരക്കിലായിരുന്നു. രാത്രിയിൽ പോലും ആദ്യത്തെ ദിവസം മാത്രമായിരുന്നു, അവൾ തന്റെയൊപ്പം ഉണ്ടായിരുന്നത്. പിന്നീടെല്ലാ ദിവസവും എല്ലാറ്റിനും അവൾക്ക് മുത്തശ്ശി മതിയായിരുന്നു.

എന്തിനേറെപ്പറയണം...? തിരിച്ചു വരുന്ന ദിവസം താൻ മുത്തശ്ശിയുടെ കൂടെ തറവാട്ടിൽ നിന്നുകൊള്ളാമെന്നും തിരിച്ച് ഡൽഹിയിലേക്കില്ലെന്നും പറഞ്ഞുകൊണ്ട്, വാശി പിടിച്ചു കരയുകയായിരുന്നു അവൾ. അടുത്ത അദ്ധ്യയനവർഷം മുതൽ അവളെ തറവാട്ടിൽ നിർത്തി പഠിപ്പിക്കാമെന്ന്, എല്ലാവരുടെയും മുന്നിൽ വെച്ച്, മുത്തശ്ശിയുടെ തലയിൽ കൈവെച്ചു കൊടുത്ത ഉറപ്പിൻമേലാണ്, കരച്ചിൽ നിർത്തി, തന്നോടൊപ്പം വരാൻപോലും അവൾ ഒടുവിൽ തയ്യാറായത്. ഇനി ഫ്ലാറ്റിൽ എത്തിയാലും അവൾ വാശിയിൽ തന്നെയായിരിക്കും. ചെറിയ കുട്ടിയാണെങ്കിലും, അവൾ മനസ്സിൽ ഒരുകാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതെങ്ങിനെയെങ്കിലും സാധിപ്പിച്ചു കൊടുത്താലേ പിന്നീട് അക്കാര്യത്തിൽ നിന്നും പിന്മാറുകയുള്ളൂ. വിവാഹം കഴിഞ്ഞ് കുറച്ചധികം കാലത്തെ കാത്തുനില്പിനുശേഷം കിട്ടിയ കുട്ടിയായതുകൊണ്ട്, അവളുടെ ആഗ്രഹങ്ങൾക്കൊന്നും തങ്ങൾ അത്രകണ്ട് തടയിടാറുമില്ല.

സൂര്യയെ മാത്രമായിട്ടെങ്ങനെ കുറ്റപ്പെടുത്തും...? താനും മടിച്ചു മടിച്ചു തന്നെയല്ലേ തറവാട്ടിൽ നിന്നും മടങ്ങിയത്...? കാമനു പൂവിടാനുള്ള ചെമ്പകപ്പൂവും മുരിക്കും പൂവുമൊക്കെ അതാത് മരത്തിൽ കയറി നാല്പത്തിയഞ്ചുകാരനായ താൻ പറിച്ചത്, ശരിക്കും ഒരു ഇരുപതുകാരന്റെ ആവേശത്തിൽ തന്നെയായിരുന്നില്ലേ...? ശരീരത്തിൽ തുളച്ചുകയറിയ മുരിക്കിന്റെ കൂർത്തു മൂർത്ത മുള്ളിനുപോലും തന്റെ ആവേശത്തെ

തടയിടാൻ കഴിഞ്ഞില്ല. അമ്പലക്കുളത്തിലെ നീന്തലും, പ്ലാവിൽ കയറി ചക്കയിടലും, മാവിൽക്കയറി മാങ്ങ പറിക്കലും... എല്ലാം എല്ലാം... തന്നെ കുട്ടിക്കാലത്തേക്കു കൂട്ടിക്കൊണ്ടുപോയി. കാമനെ യാത്രയയക്കുമ്പോൾ സൂര്യയോടൊപ്പം ഒരു ചെറിയ കുട്ടിയായി, കമോൺ കാമൻ അങ്കിൾ എന്നുവരെ താനും ആവേശത്തിമർപ്പിൽ വിളിച്ചു പോയി. ആ വാക്കാണ്, ഇപ്പോൾ ഉറക്കപ്പിച്ചിൽ പോലും അവൾ ഉറക്കെ വിളിച്ചു പറഞ്ഞത്. മെഡിക്കൽ സർട്ടിഫിക്കറ്റ് കൊടുത്ത് ജോയ്നിംഗ് പിരിയഡ് കുറച്ചുദിവസംകൂടെ നീട്ടി വാങ്ങിച്ച്, അത്രയും ദിവസം കൂടി നാട്ടിൽ തുടരാനുള്ള ഒരാലോചനപോലും ഇടയ്ക്ക് തന്റെ ഭാഗത്തു നിന്നുണ്ടായി. അനുരാധയുടെ ശകാരവും നിർബന്ധവുമാണ് അതിൽനിന്നും ഒടുവിൽ തന്നെ പിന്തിരിപ്പിച്ചത്.

അനുരാധയോട് ഒരഭിപ്രായം പോലും ചോദിക്കാതെയാണ്, താൻ തറവാട്ടിൽ വെച്ച്, മുത്തശ്ശിക്കു വാക്കു കൊടുത്തത്. തന്റെ കാര്യം പോകട്ടെ...സൂര്യയെ അധികം പിരിഞ്ഞിരിക്കാൻ അനുരാധയ്ക്കെങ്ങനെ കഴിയും...? ഇപ്പോഴത്തെ രണ്ടാഴ്ക്കാലംപോലും അവൾ എങ്ങനെയാണ് ഒറ്റയ്ക്ക് പിടിച്ചു നിന്നതെന്നോർത്ത്, താൻ അത്ഭുതപ്പെടുകയാണ്. വാശിയിൽ സൂര്യയുടെ ചേച്ചിയായ മുത്തശ്ശിയും ഇനി അടങ്ങിയിരിക്കുമെന്നു തോന്നുന്നില്ല. കൂടാതെ മുത്തശ്ശിക്കു കൊടുത്ത വാക്കു തെറ്റിച്ചാൽ പിന്നെ എല്ലാവരുടെ മുന്നിലും....

"സാറെ... നമ്മൾ തക്ഷശില അപ്പാർട്ടുമെന്റിലെത്തി. സാറിന്റെ ഫ്ലാറ്റ് ഏടെയാ...? വണ്ടി ഉള്ളിലേക്ക് കടത്തണോ?"

ദാമോദരന്റെ ചോദ്യം, മനോഗതങ്ങൾ കണ്ട് മയങ്ങിപ്പോയിരുന്ന, ആദിത്യനെ ഓർമ്മയിൽ നിന്നുമുണർത്തി. ടാക്സിക്കൂലി കൊടുത്ത്, വണ്ടിയിൽ നിന്നും ഇറങ്ങാൻ തുടങ്ങുമ്പോൾ, ദാമോദരൻ പറഞ്ഞു.

"അല്ലെലും കുട്ടിയോള് അങ്ങനെത്തന്നെയാന്ന്, സാറെ. ഞാൻ എന്റെ മോളേം കൂട്ടി നാട്ടി പോയാലും ഇതേ അവസ്ഥ തന്നെയാന്ന്. ഇപ്രാവശ്യം എളയകുട്ടിക്ക് തീരേ സുഖോല്ലാത്തതു കൊണ്ടാന്ന്, പൂരത്തിന് നാട്ടില് പോവാണ്ടിരുന്നത്. ഞാൻ ഡൽഹീല് വന്നിറ്റ് ഇപ്പോ പയിനഞ്ചു വർഷായി. ഈട ഫ്ലാറ്റില് മുണ്ടു മുറുക്കിക്കെട്ടിയാന്ന് കയീന്നെങ്കിലും കൊല്ലത്തില് രണ്ടു പ്രാവശ്യെങ്കിലും... ഓണത്തിനും പൂരത്തിനും... ഞങ്ങള് നാട്ടിലേക്കോടും. ഫ്ലാറ്റിലെ ഇടുങ്ങിയ ഒന്നോ രണ്ടോ റൂമുകളില് വെഷവായു ശ്വസിച്ച്, കൂട്ടിലടച്ച തത്തേനപ്പോലെ കഴീന്ന നമ്മുടെ പിള്ളേര്, എടയ്ക്ക് വല്ലപ്പോയെങ്കിലും നാട്ടിലെ ശുദ്ധവായു ഒന്നു ശ്വസിച്ചോട്ടെ.... അല്ലേ സാറെ...? സാറു നോക്കിക്കോ. സാറിന്റെ ഭാര്യക്കും മോളെ തറവാട്ടിലാക്കി പടിപ്പിക്കുന്നേല് ഒരെതിർപ്പും ഉണ്ടാവൂല. അങ്ങനേങ്കിലും നിങ്ങൾക്ക് എടയ്ക്കൊക്കെ നാട്ടിലേക്ക് പോവാനുള്ള ഒരു കാര്യോം കാരണോം വയിയും തൊറന്ന് കിട്ട്യോം ചെയ്യൂല്ലോ. "

ദാമോദരൻ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ, കാറിൽ വെച്ചുള്ള ഉറക്കത്തിനിടയിലെ തന്റെ പല വിചാരങ്ങളും ചിന്തകളും ഇത്തിരി ഉറക്കെ ആയിപ്പോയോ എന്നുള്ള സംശയം ആദിത്യനിൽ ബലപ്പെട്ടു. എങ്കിലും ദാമോദരന്റെ ആ നല്ല വാക്കുകളെ ഹൃദയത്തിലേക്കേറ്റു വാങ്ങി, സൂര്യയുടെ കൈയ്യും പിടിച്ച്, ഒരുപുതിയ ആത്മവിശ്വാസത്തോടെ താക്കോലെടുത്ത് ബി 31ന്റെ വാതിൽ തുറന്ന്, വലതുകാൽ വെച്ചുതന്നെ അയാൾ വീട്ടിനുള്ളിലേക്കു കയറി......

ഹൃദയ വിഷു

ശ്രീരേഖ. ആർ

ഒരു മുളന്തണ്ടിലൂടെ ഒഴുകി,
പ്രണയ രാഗം തേടി,
കണിക്കൊന്ന പൂവുകൾ
കസവുടയാട ചാർത്തും,
വിഷുപ്പുലരിതൻ മൃദുസ്മിതത്തിൽ.

മനതാരിൽ മധു തൂകി,
മണിവേണുവൂതി മണിവർണാ
നീ എന്നിൽ
മലർചന്ദനം
ചാർത്തി നിൽപ്പൂ.

ചൈത്രനിലാവിൻ തുമ്പിൽനിന്നൊരു തുള്ളി ഹിമകണം,
താഴത്ത് വീണലിയുന്ന
നിമിഷം...
മധു മന്ദഹാസം തൂകി
മമ ചന്ദ്രനായ് നീയെൻ ഹൃദയത്തിൽ
വാഴുമ്പോൾ,

ഒരു മയിൽപീലി പോൽ
അനവദ്യ സുന്ദരമീ,
വിഷു കൈനീട്ടം
എത്ര ധന്യം..
ശ്രുണു മാധവാ !

www.flickr.com/brnfvr

ഹൃദയത്തിൽ പടർന്ന് വെളിച്ചമേകുന്ന അമ്മ നട്ട പൊൻകണിക്കൊന്നകൾ

ബൈജു.സി.പി

ഫോട്ടോ : അരുണ

വിഷുക്കാലമെത്തുമ്പോൾ തെളിയുന്ന ഓർമ്മകളിലൊക്കെ അമ്മയുടെ ദീപ്തമായ മുഖം കാണാം. കണിക്കൊന്നപ്പൂക്കൾ പോലെ സ്വർണ്ണവർണ്ണച്ചിരിയുമായി അമ്മ മുന്നിൽ തെളിഞ്ഞു നിൽക്കുന്നു. വിഷുക്കാലത്തിന്റെ മധുരിപ്പിക്കുന്നതും കയ്പ്പിക്കുന്നതുമായ ഓർമ്മകളാണ് പുതിയ കാലത്തിന്റെ വിഷുവിനെ അത്രമേൽ മനോഹരമാക്കുന്നത് എന്ന് തോന്നുന്നു. പ്രിയപ്പെട്ടവർ കൂടെയുണ്ടാവുന്ന നേരങ്ങൾ അത് എത്രമാത്രം മനോഹരമായിരുന്നു എന്ന് പിന്നിട്ട പോയ കാലങ്ങൾ നമ്മളെ നിരന്തരം ഓർമ്മപ്പെടുത്തി ക്കൊണ്ടിരിക്കും.

ഒരു വർഷം നീണ്ട ഒരുക്കങ്ങളാണ് കുട്ടിക്കാലത്ത് വിഷുവിനായി നടത്തുക. പടക്കം പൊട്ടിക്കലും പൂത്തിരി കത്തിക്കലും ആണ് അന്ന് ഞങ്ങളുടെ വിഷു. പടക്കങ്ങൾ വാങ്ങാൻ എങ്ങനെ പൈസയുണ്ടാക്കുമെന്നായിരുന്നു അന്നൊത്തെ വലിയ ആശങ്ക. ജീവിതമെന്ന കനൽപ്പാത്രം ഒറ്റക്ക് തലയിലേറ്റുന്ന അമ്മക്ക് എനിക്ക് പടക്കങ്ങൾ വാങ്ങാൻ തരാൻ പൈസയുണ്ടാവില്ല എന്നെനിക്കറിയാമായിരുന്നു. പ

ക്ഷെ – വിഷുക്കാലത്ത് ചുറ്റും പടക്കങ്ങൾ പൊട്ടിത്തുടങ്ങുമ്പോൾ, പൂത്തിരികളും പൂക്കുറ്റികളും നിറഞ്ഞ് കത്തിപ്പടരുമ്പോൾ ഉള്ളിലൊരു തേങ്ങൽ ഉയർന്നു വരും. ഒരു പെട്ടി പൂത്തിരിയും ഒരു കെട്ട് പടക്കവുമായി പടി കടന്ന് ചുറ്റുമുള്ള വീടുകളിലേക്കെത്തുന്ന അച്ഛൻമാരും അവരുടെ മക്കളുടെ സന്തോഷങ്ങളും കാണുമ്പോൾ അനാഥമായിപ്പോയ ജീവിതാവസ്ഥയെക്കുറിച്ചോർത്ത് ഞാനെത്രയോ സങ്കടപ്പെട്ടിട്ടുണ്ട്. പക്ഷെ – ഏത് ആഘോഷങ്ങളിലും എല്ലാം മറന്ന് നമ്മൾ ഉൾച്ചേരുമ്പോൾ അത് നമ്മുടെ ജീവിതാവസ്ഥകളെയെല്ലാം മാറ്റിമറിക്കുമെന്നും സന്തോഷത്തിന്റെ പൂത്തിരികൾ നമ്മുടെ ഹൃദയത്തിലും വർണ്ണങ്ങളായി വിരിഞ്ഞു നിൽക്കുമെന്നും വിഷുവാണ് ആദ്യമായി എന്നെ പഠിപ്പിച്ചത്.

അടുത്ത വിഷുവിന് എങ്ങനെ പടക്കം വാങ്ങാൻ പൈസയുണ്ടാക്കുമെന്ന ചിന്തയിൽ നിന്ന് പുതിയ ഐഡിയകൾ തലക്കുള്ളിലേക്ക് കയറി വന്നു. കശുവണ്ടികൾ ശേഖരിക്കലായിരുന്നു ഒന്നാമത്തെ ഐഡിയ. ഭൂമിയെ പൊള്ളുന്ന വിപണന വസ്തുവായി മാത്രം മനുഷ്യർ കാണാത്ത ഒരു കാലം. അന്നൊക്കെ സ്കൂളിലേക്ക് നടന്നു പോകും വഴിയും കളിക്കാൻ പോകുന്ന വഴികളിലും ഒക്കെ നിരവധി കശുമാവിൻ തോട്ടങ്ങളുണ്ട്. അവിടെയൊക്കെ ആർക്കും വേണ്ടാതെ വീണു കിടക്കുന്ന കശുമാങ്ങയും കാണും. നല്ല ചോപ്പു നിറത്തിൽ തുടുത്ത കശുമാങ്ങകൾ ചീന്തി തിന്ന് അതിന്റെ ചാറ് വലിച്ചു കുടിക്കുന്ന രുചിയുടെ ആനന്ദം ഇപ്പോഴും കിനാവിലൂടെ കടന്നു പോകാറുണ്ട്. അത്രമേൽ ഹൃദ്യമായിരുന്നു അത്. കശുമാങ്ങ തിന്ന് അതിന്റെ അണ്ടിയും പോക്കറ്റിലിട്ട് സ്കൂളിലേക്ക് പോകും. തിരിച്ച് സ്കൂളിൽ നിന്ന് വരുമ്പോൾ വീണ്ടും കശുമാങ്ങകൾ വീണു കിടപ്പുണ്ടാകും. അതെടുത്ത് ചോറ്റുപാത്രത്തിലിട്ട് വീട്ടിലേക്ക് പോകും. അമ്മമ്മയുടെ കൈവശമുള്ള അടുക്കളയിലെ അളുക്കകളിൽ നിന്ന് ഒന്ന് വാങ്ങും. അതിലാണ് കശുവണ്ടികൾ ഇട്ടു വെയ്ക്കുക. കശുവണ്ടി സീസൺ കഴിയും വരെയും പെറുക്കിക്കൊണ്ടു വരുന്ന കശുവണ്ടികൾ അതിൽ ശേഖരിക്കും. വിഷു അടുക്കാറാവുമ്പോൾ അങ്ങാടിയിൽ കൊണ്ടുപോയി ആ കശുവണ്ടികൾ വിൽക്കും. ചെറിയ

ഫോട്ടോ : അരുണ

പൈസയാണെങ്കിലും അത് കൈയ്യിൽ വാങ്ങുമ്പോൾ വല്ലാത്ത സന്തോഷം ഉണ്ടാവും.

കശുവണ്ടി പെറുക്കി വിറ്റ് കിട്ടുന്ന പൈസ കൊണ്ടൊന്നും വിഷു ആഗ്രഹിച്ചത്ര കളറാക്കാൻ പറ്റില്ലെന്ന് മനസിലായപ്പോൾ മറ്റൊരു വഴി കൂടി കണ്ടെത്തി. സ്കൂളടക്കുന്നതോടെയാണ് മിക്കവാറും നാട്ടിലെ ഉത്സവങ്ങൾ ആരംഭിക്കുക. നാട്ടിൽ അടുത്ത് തന്നെ മൂന്നാല് താലപ്പൊലികളുണ്ട്. അവിടെ കടല വിൽക്കുക എന്നതായിരുന്നു പുതിയ വരുമാന വഴി. മണിക്കടല വാങ്ങി വെള്ളത്തിലിട്ട് കുതിർക്കും. പിറ്റേ ദിവസം എടുക്കുമ്പോൾ വലിയ രൂപത്തിലേക്ക് കടലകൾ മാറിയിട്ടുണ്ടാവും. ചെറിയ ഉള്ളി മൂപ്പിച്ച് വെളിച്ചെണ്ണയിൽ കടല വഴറ്റിയെടുക്കും. ആ കടലക്ക് ഗംഭീര രുചിയാണ്. അമ്മമ്മയാണ് അതൊക്കെ തയ്യാറാക്കാൻ ഒപ്പമുണ്ടാവുക. തയ്യാറാക്കിയ കടല ബാറ്ററിയുടെ പെട്ടിയിൽ ഉള്ളിൽ പ്ലാസ്റ്റിക്ക് ഷീറ്റിട്ട് അതിലിടും. കടല അളക്കാൻ ഉള്ള പ്ലാസ്റ്റിക്ക് പാത്രങ്ങളും അതിലിടും. ഉത്സവപ്പറമ്പിൽ കടല വിറ്റ് സന്ധ്യയാവുന്നതോടെ മടങ്ങും. കടല തീരുകയും ചില്ലറത്തുട്ടുകൾ നിറയുകയും ചെയ്ത കടല പെട്ടിയിലേക്ക് നോക്കി സന്തോഷത്തോടെ പോന്ന എത്രയോ താലപ്പൊലിക്കാലങ്ങൾ...

കശുവണ്ടി വിറ്റും കടല വിറ്റും ഒരുക്കൂട്ടിയ പൈസ കൊണ്ട് വിഷുവെത്തുമ്പോൾ അങ്ങാടിയിലേക്കൊരു പോക്കുണ്ട്. കമ്പിത്തിരികളും മത്താപ്പും ഓലപ്പടക്കങ്ങളും മാലപ്പടക്കങ്ങളും നിലചക്രങ്ങളും പൂക്കുറ്റികളും വാണങ്ങളും ഗുണ്ടുകളും എല്ലാം നിറഞ്ഞ വിസ്മയക്കാഴ്ച്ചകൾ കണ്ടു നിൽക്കാൻ തന്നെ ഏറെ രസമായിരുന്നു. ഓരോന്നിനും വില ചോദിക്കുമ്പോൾ മുഖം വിടരുകയും വില കേൾക്കുമ്പോൾ വാടുകയും ചെയ്യും. ഒടുവിൽ പോക്കറ്റിലുള്ളതു കൊണ്ട് ഒപ്പിച്ച് വാങ്ങി സന്തോഷത്തോടെ വീട്ടിലേക്കെത്തും.

അമ്മക്ക് വിഷു അലച്ചിലുകളുടേതായിരുന്നു. കണിയൊരുക്കാൻ കണിക്കൊന്ന തേടി നാടു മുഴുവൻ നടക്കണം. കൂടെ ഞാനും പോകും. പാടത്ത് നിന്ന് നല്ല കണിവെള്ളരി കിട്ടും. പിന്നെ മാങ്ങ, ചക്ക, കോടി മുണ്ട്, അങ്ങനെയങ്ങനെ നീളും കണിയൊരുക്കേണ്ട സാധനങ്ങളുടെ പട്ടിക. അതെല്ലാം സംഘടിപ്പിച്ച് അമ്മയെത്തുമ്പോൾ വിഷുവിന് ചന്തം കൂടി വരുന്നത് പോലെ തോന്നും. അന്നൊക്കെ കണി വെള്ളരികൾ തറവാട് വീടിന്റെ കോലായിൽ കെട്ടിത്തൂക്കിയിടും. കഴുക്കോലിലും വിട്ടത്തിലും ഒക്കെ വെള്ളരികൾ പൊൻനിറമാർന്ന പുതിയ കാലത്തേക്ക് നോക്കി ചിരി തൂകി ക്കിടക്കും.

വിഷുത്തലേന്ന് മരിച്ച പോയവർക്ക് വേണ്ടി ഒരു ചടങ്ങുണ്ടാവും. മരിച്ച പോയവർക്ക് വേണ്ടി നിവേദ്യമായി നെയ്യപ്പവും കോഴിക്കറിയും സമർപ്പിക്കുന്ന ചടങ്ങ് ആണത്. വിഷു ആഘോഷങ്ങളിലേക്ക് അവരുടെ ഓർമ്മകളെ കൂടി കൂട്ടിച്ചേർക്കാനുള്ള ഒരാവിഷ്ക്കാരം. വിഷുതലേന്ന് എത്രയോ വർഷങ്ങളായി നെയ്യപ്പവും കോഴിക്കറിയും കഴിക്കുന്നവരാണ് ഇവിടെയുള്ളവർ. ഇതെന്ത് കോമ്പിനേഷനെന്ന് അന്തം വിടുന്നവർ ഒരു പാടുണ്ട്. പക്ഷെ - അത് കഴിച്ചവർക്കറിയാം നെയ്യപ്പവും കോഴിക്കറിയും ഗംഭീരമായൊരു ഭക്ഷണക്കൂട്ടാണെന്ന്. അത് കൂടി ചേർന്നതായിരുന്നു ഞങ്ങളുടെ വിഷുക്കാലങ്ങൾ.

പുലർച്ചെ കണി കാണാൻ അമ്മ വന്ന് തൊടും. "കുട്ട്യേ.. കണ്ണ് തൊറക്കാതെ എണീക്കടാ.." എന്ന ആ വാക്കുകൾക്കൊപ്പം ആ വിരലുകൾ കണ്ണുകൾ പൊത്തും. ആ വിരൽ സ്പർശമേൽക്കുമ്പോൾ ആദ്യം അമ്മയുടെ മുഖം തന്നെ ഉള്ളിൽ തെളിഞ്ഞു നിൽക്കും. അക കണ്ണിലെ കണി എന്നും

ഫോട്ടോ : വിപിൻ

അമ്മ തന്നെ. പിന്നെ തുറന്ന കണ്ണുകളാൽ ഒരുക്കിവെച്ച കണി കാണും. അരികെ ചിരിച്ചു നിൽക്കുന്ന അമ്മയുടെ സന്തോഷം കാണും. കരി പടർന്ന മുണ്ടിന്റെ കോന്തലക്കെട്ടഴിച്ച് അതിൽ നിന്ന് പൈസയെടുത്ത് അമ്മമ്മയും കോട്ടൺ സാരിയുടെ വക്കിൽ കെട്ടിയ പൈസയെടുത്ത് അമ്മയും എനിക്കും പെങ്ങൾക്കുമൊക്കെ കൈനീട്ടം തരും. അവരിൽ നിന്നും കൈനീട്ടം വാങ്ങിയ ശേഷം കടല വിറ്റും കശുവണ്ടി വിറ്റും കിട്ടിയ പടക്കം വാങ്ങിയതിനു ശേഷം ബാക്കി വന്ന പൈസ അളുക്കിൽ നിന്ന് എടുത്ത് അമ്മമ്മക്കും അമ്മക്കും ഞാൻ കൈനീട്ടം നൽകി. അദ്യമായി കിട്ടിയ ആ കൈനീട്ടത്തിന്റെ സന്തോഷത്താൽ കരഞ്ഞു കൊണ്ട് അമ്മയെന്നെ കെട്ടിപ്പിടിച്ചു. ഏതു ജീവിതാവസ്ഥകളിൽ നിന്നും നമ്മുടെ ആനന്ദങ്ങളെ നമുക്ക് തന്നെ സ്വയം നിർമ്മിക്കാമെന്ന് ആ വിഷുക്കാലം എന്നെ ഇപ്പോളും ഓർമ്മപ്പെടുത്തുന്നു.

വിഷുക്കാലം വീണ്ടുമെത്തിയിരിക്കുന്നു. ജീവിതത്തിന്റെ ചില്ലകളിൽ നിന്നും പലപ്പോഴായി ഇലകൾ കൊഴിഞ്ഞു പൊയ്ക്കൊണ്ടേയിരിക്കുന്നു. പുതിയ ഇലകൾ പുത്തനുണർവോടെ തളിരിട്ടു കൊണ്ടിരിക്കുന്നു. അമ്മയില്ലാതെ വിഷു വരാൻ തുടങ്ങിയിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അമ്മയില്ലാത്ത വിഷുക്കാലങ്ങൾ നമ്മളെ കുട്ടികളല്ലാതാക്കി മാറ്റുന്നു. നമ്മൾ പ്രായമായവരാണെന്ന് നമ്മുക്ക് തന്നെ തോന്നിത്തുടങ്ങുന്നു.

വീടിന്റെ മുന്നിൽ അമ്മ നട്ട ഒരു കൊന്നമരമുണ്ട്. പണ്ട് കണിക്കൊന്ന തേടി നാട്ടു മുഴുവൻ അലഞ്ഞു നടന്ന ഓർമ്മകൾക്ക് മീതെയാണ് ആ മരം വിടർന്നു നിൽക്കുന്നത്. അമ്മയുടെ മണവും നിറവും ആണ് അതിനുള്ളത് എന്നു പലപ്പോഴും തോന്നും. വിഷുക്കാലത്തെ ഓർമ്മപ്പെടുത്തുന്നതിനായി ആ കൊന്നമരം നേരത്തെ തന്നെ നിറയെ പൂത്ത് നിൽക്കാറുണ്ട്. അടുത്തുള്ള വീടുകളിലേക്കൊക്കെ അതിൽ നിന്നാണ് കണി കാണാൻ കൊന്നപ്പൂവിറുക്കാറുള്ളത്. അത് അമ്മയുടെ മനസ്സാണെന്ന് എനിക്ക് തോന്നാറുണ്ട്. കൊന്നപ്പൂ തേടിയെത്തുന്നവർ അമ്മയുടെ ഓർമ്മകളിലേക്കെത്തുന്ന ഒരു തരം ഇന്ദ്രജാലം. ഓരോ വിഷുക്കാലവും വിട പറഞ്ഞു മറഞ്ഞു പോയ പ്രിയപ്പെട്ടവർ കണിക്കൊന്നകൾ പോലെ പൂത്തുനിൽക്കുന്ന നന്മയും കരുണയും നിറഞ്ഞ നിമിഷങ്ങളായി നമ്മുടെ ഹൃദയത്തിൽ നിറയട്ടേ... കരുണയുള്ള മനുഷ്യരാവാൻ ഓർമ്മകൾ നമ്മളെ പ്രാപ്തരാക്കട്ടെ.. എല്ലാവർക്കും നന്മ നിറഞ്ഞ വിഷുക്കാലം ആശംസിക്കുന്നു.

ഇത്തിരി നനവാകുക

സുമ രാമചന്ദ്രൻ

എത്ര വേഗത്തിലാണ്
മനുഷ്യർ മാഞ്ഞുപോകുന്നത്
മഴ
വിരൽ കോറിയിട്ടൊരു
ജലരേഖയൊറ്റ
മാത്രയിൽ
അപ്രത്യക്ഷമാകും
പോലെ...

എത്ര വേഗത്തിൽ....

ഒരടയാളമെങ്കിലും
ബാക്കി വച്ച്
കടന്നുപോകൂ.
നട വഴിയിൽ
അപരനു നൽകിയ

പുഞ്ചിരിയിലോ,
തളർച്ചയിൽ

വച്ചു നീട്ടിയ
ജീവ ജലത്തിന്റെ തണുപ്പിലോ,
വിശപ്പിന്റെ ശൂന്യതയിൽ
പങ്കുവെച്ച
പൊതിച്ചോറിന്റെ
നന്മയിലോ

ഏതൊരടയാളമായെങ്കിലും
ശേഷിക്കൂ.

കഴിഞ്ഞുപോയ
വസന്തങ്ങളുടെയും,
തിരികെ വരാത്ത
മനുഷ്യരുടെയും ഓർമ്മ
മണമുള്ള മരങ്ങളാകൂ
വേരാവാനായില്ലെങ്കിലും,
മണ്ണാവാനായില്ലെങ്കിലും,
ഇലയാവുക.
തണലാവുക
പച്ചപ്പാവുക.
മാഞ്ഞുപോകും മുമ്പ്

ഇത്തിരി നനവെങ്കിലും
മാകുക.

ഫോൺസ് ഹെയ്ജൻസ് ബ്രൂക്കിന്റെ
ഒരു പെയ്ന്റിങ്

ഓർമ്മകളുടെ മഴവില്ല്

സന്തോഷ്കുമാരി എം ആർ

മനസ്സിലുണ്ടാവട്ടെ

ഭൂതകാലത്തിന്റെ തുടിപ്പുകൾ നെഞ്ചോടു ചേർത്തു വെച്ചാൽ അതിൽ ഒന്നാമതായി വരുന്നത് എന്റെ പ്രിയരുടെ കയ്യൊപ്പുകൾ പതിഞ്ഞ വെൽവെറ്റു ബയന്റുള്ള ആ ഓട്ടോഗ്രാഫു തന്നെ. ജീവിതത്തിൽ ഒറ്റപ്പെട്ടു പോകുമ്പോൾ ഭദ്രമായി സൂക്ഷിച്ചു വെച്ചിരിക്കുന്ന ആ ഓർമ്മ പുസ്തകമെടുക്കും പിന്നെ ആ ഓർമ്മകളിലൂടെ...... അത്തരമൊരു നിമിഷത്തിലാണ് ഞാൻ വീണ്ടും വിഷുക്കാലത്തിലെത്തിയത്. ഒരു പക്ഷേ ഒരിക്കലും മറന്നു വെയ്ക്കാൻ കഴിയാത്തവ.... ചിലവ അങ്ങനെയാണ്. പേരിട്ടു വയ്ക്കാൻ കഴിയാത്തത്ര എന്തോ ഒന്ന്.....

ഓരോ വിഷുവും ഓരോ ഓർമ്മകൾ സമ്മാനിച്ചു കൊണ്ടേയിരിക്കും. കുട്ടിക്കാലത്ത് വിഷു ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നത് വിഷു കൈനീട്ടവും വിഷുക്കണിയും തന്നെയാണ്.

മിക്കവാറും എല്ലാ വേനലവധിയിലും അമ്മവീട്ടിലാണെത്തുക. അവിടെ അമ്മയുടെ സഹോദരങ്ങൾ പത്തുപേരും അവരുടെ കുടുംബവും ഒന്നിച്ചു ഒരുത്സവക്കാലം. വലിയാറ്റിലെ നിലയെത്താ വെള്ളത്തിൽ നീന്തിയെല്ലാരും കളിക്കുമ്പോൾ ഞാൻ മീൻ കൊത്തുന്നത് പേടിച്ച് കടവത്തു ഉണ്ടക്കല്ലുകൾ പെറുക്കി കൂട്ടിയിരിക്കും.. ചൂണ്ടയിടുന്ന ചേ

ട്ടന്മാരെയും കെട്ടുവള്ളങ്ങളി
ൽ തേങ്ങയും മറ്റും കടത്തു
കൊണ്ടുപോകുന്ന അമ്മാ
വൻമാരെയുംകാൾ എനി
ക്കു മുങ്ങാം കുഴിയിട്ടു മണലൂ
റ്റി വള്ളത്തിലിടുന്ന പണ്ടാര
ചെക്കൻമാരായിരുന്നു
എന്നും അത്ഭുതം.

കുളിച്ചു ശുദ്ധമായി
കഴിഞ്ഞാൽ
പിന്നെ വട്ടി
യും വ
ല്ലവുമാ
യി നാ
ട്ടുവഴി
കളിലൂടെ
കൊന്ന
യും
പറങ്കി
മാ
ങ്ങ
യും
പൂറ
ത്തിച്ച
ക്കയും
ശേ
ഖരി
ക്കും. വൈ
കുന്നേരം അന്തിച്ചന്തയിൽ
പ്പോകും. അന്നു വിഷുച്ചന്ത
യാണ്. മാറ്റക്കച്ചവടക്കാരി
ൽ നിന്നും വെള്ളരിക്കയും
മത്തങ്ങയും മറ്റും വാങ്ങും.
ചക്കയും മാങ്ങയും നേന്ത്ര
ക്കുലയുമെല്ലാം തലച്ചുമടാ
യി എത്തിച്ചത് അവർക്കു
കൈമാറും. തലച്ചുമടായി
എത്തിക്കാൻ സഹായിച്ചതി
നു പകരമായി ചക്കര മിട്ടാ
യിയും ലൊട്ടയും കാരക്കപ്പ
ഴവുമെല്ലാം കൈനിറയെ
വാങ്ങിത്തരും.

സന്ധ്യയ്ക്കു മഞ്ഞളും പച്ചരി
യും ചേർത്ത് അരച്ച് അല
ക്കിതേച്ച വെള്ള മുണ്ടിന്റെ
ചെറു കഷ്ണങ്ങളിൽ ചെറു
കിഴികൾ കെട്ടി കോ
ലം വരയ്ക്കും. അങ്ങനെ
കരവിരുതാൽ
വർ
ണ്ണാഭമാകുമ്പോൾ
പൂജാമുറിയിൽ ഓട്ടുരുളിയി
ൽ കണിക്കൊന്നയും മാ
ങ്ങയും ചക്കയും എന്നു വേ
ണ്ട സകല കാർഷിക വിഭ
വങ്ങൾ പുസ്തകം കണ്ണാടി
പുതുവസ്ത്രം പണപ്പെട്ടി സ്വർ
ണ്ണം ഇവ വെച്ച് കണിയൊ
ക്കും.



പിറ്റേന്നു കണി കണ്ട ശേ
ഷം അപ്പൂപ്പൻ വെള്ളി നാ
ണയങ്ങൾ കൈ നീട്ടമായി
നൽകും. പിന്നെ അയൽ
വീടുകളിൽ പതിവു ഒന്നാ
ന്തീയതി കയറും. ദക്ഷിണ
വാങ്ങും. കിട്ടുന്ന വിഷു കൈ
നീട്ടവുമായി പിന്നെ എല്ലാ
വരുമൊന്നിച്ച് ശാർക്കരപ
റമ്പിലേയ്ക്കു പോകും. പറമ്പി
ൽ നിന്നും ഈന്തപ്പഴവും പ
ലതരത്തിലുള്ള മുറുക്കും പല
ഹാരങ്ങളും കുഞ്ഞു മൺ
പാത്രങ്ങൾ
(കഞ്ഞിയും
കറിയും വച്ചു
കളിക്കാൻ)
വാങ്ങി
വരും.

പത്താമു
ദയത്തി
നു ശേ
ഷം എ
ല്ലാവ
രും
സ്വ
ന്തം
വീ
ട്ടുക
ളി
ലേ
യ്ക്കു മടങ്ങും. പിന്നെ പിറ്റേ വി
ഷു വരെ ഈയോർമ്മകൾ
അയവിറക്കും.

എന്നാൽ കാലം ചെല്ലു
ന്തോറും ഇന്നു വിഷു വിപ
ണി ഓഫറുകൾ നോക്കി
ഷോപ്പിംഗ് മാമാങ്ക വേദി
യായി മാറി. കണിവെയ്ക്കാ
ൻ കൊന്ന മുതൽ എല്ലാം
പ്ലാസ്റ്റിക് മയം. വിഷുപ്പിറ്റേ
ന്നു മുതൽ ഷോക്കേസിൽ

അന്തേവാസിയായ ഉണ്ണിക്കൃഷ്ണൻ ആണ്ടിലൊരു ദിവസം മാവേലിയെപ്പോലെ പൂജാമുറിയിലെത്തും. കണികാണിച്ച് വീണ്ടും മടങ്ങും ഷോക്കേസ്സിലേയ്ക്കോ വീടിന്റെ ഏതെങ്കിലും പാതാളക്കുണ്ടിലേയ്ക്കോ. വീട്ടിലെ മുതിർന്ന കാരണവർ എല്ലാം പുരാവസ്തുക്കളായി. അതിനാൽ കൈനീട്ടം വീട്ടിലെ കയ്യൂക്കുള്ളവർ ഗൂഗിൾപേയായി നൽകും. ന്യൂജെൻ അല്ലേ ? 2K കിഡ്സ് എന്ന് അവർ സ്വയം അഭിമാനിക്കുമ്പോൾ കാലത്തിനനുസരിച്ചുള്ള കോലം കെട്ടൽ എന്നാശ്വസിക്കാനേ ഇനി തരമുള്ളൂ.

എങ്കിലും ഞാൻ എന്റെ ആ പ്രിയപ്പെട്ട ഓർമ്മക്കുമ്പാരങ്ങളിലെ ആ അക്ഷരങ്ങൾ മനസ്സിൽ ആറാവർത്തി അരക്കിട്ടുറപ്പിക്കും

"ഏതു ധൂസര സങ്കല്പത്തിൽ
വളർന്നാലും
ഏതു യന്ത്രവൽക്കൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ
ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി
കൊന്നപ്പൂവും "

വിഷുവം എന്നാൽ തുല്യമായത് എന്നാണ് അർത്ഥം. ജ്യോതിശാസ്ത്രപ്രകാരം ഇത് രാത്രിയും പകലും തുല്യമായ ദിവസത്തെ കുറിക്കുന്നു. എങ്കിൽ ഇപ്പോൾ സമരാത്രദിനം വരുന്നത് മാർച്ച് 21നാണല്ലോ, പിന്നെയെങ്ങനെയാ വിഷു ഏപ്രിൽ 14ന് വരുന്നത് (ചില വർഷങ്ങളിൽ 15നും) വരുന്നത് എന്ന സംശയം ഉണ്ടാവും അല്ലേ? പറയാം.

ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം ഭ്രമണം ചെയ്യുന്നുണ്ട് എന്നറിയാമല്ലോ. ഈ ഭ്രമണത്തെ സൂര്യചന്ദ്രന്മാർ അവയുടെ ഗുരുത്വാകർഷണം കൊണ്ട് ചെറുതായൊന്ന് ഉലക്കുന്നുണ്ട്. ഇതിനെ **പുരസരണം** എന്നു പറയും. ഈ പുരസരണം കാരണം വിഷുവബിന്ദു ഏകദേശം 71–72 വർഷങ്ങൾ കൊണ്ട് ഒരു ഡിഗ്രി പുറകോട്ട് സ്ഥാനം മാറുന്നു. ഖഗോളത്തിൽ വരുന്ന ഈ ഒരു ഡിഗ്രി നമ്മുടെ കലണ്ടറിൽ ഒരു ദിവസത്തിനു സമമാണ്. ഇങ്ങനെ വിഷുവ ബിന്ദുക്കളുടെ സ്ഥാനം മാറിമാറിയാണ് അത് ഇന്നത്തെ മാർച്ച് 21ലേക്കെത്തിയത്. പക്ഷെ നമ്മുടെ കലണ്ടർ ഇപ്പോഴും നൂറ്റാണ്ടുകൾക്കു മുമ്പ് വിഷുവം ഗണിച്ചെടുത്ത കാലത്തു തന്നെ നിൽക്കുകയാണ്. അതുകൊണ്ടാണ് കലണ്ടറിലെ വിഷു മേടത്തിലെ അശ്വതിയിലും ആകാശത്തെ വിഷു മീനത്തിലെ രേവതിയിലും നിൽക്കുന്നത്. നമ്മുടെ കണിക്കൊന്നക്ക് കുറെയൊക്കെ ഇതെല്ലാം മനസ്സിലാക്കാൻ കഴിയുന്നതു കൊണ്ടാണത്രെ പുള്ളി നേരത്തെ തന്നെ എഴുന്നേറ്റു പൂക്കുന്നത്.

കൊല്ലത്തിൽ ഒരു പ്രാവശ്യം മാത്രമല്ലല്ലോ രണ്ടു പ്രാവശ്യം സമരാത്രദിനങ്ങളുണ്ടല്ലോ. അങ്ങനെയെങ്കിൽ രണ്ടു വിഷു വേണ്ടെ? ശരിക്കും രണ്ടു വിഷുവങ്ങളുണ്ട്. ആദ്യത്തേത് മാർച്ച് 21നുള്ളത്. ഇതിനെ **മഹാവിഷുവം** എന്നു വിളിക്കുന്നു. അടുത്തത് സെപ്റ്റംബർ 23ന്. ഇതിനെ അപരവിഷുവം എന്നു പറയും. പിന്നെ മഹാവിഷുവത്തിന് എന്തിത്ര പ്രാധാന്യം വന്നു? പ്രധാന കാർഷികവിളയായ നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങുന്നത് ഈ വിഷുവിനായതു കൊണ്ടാണ്. വിഷുവിന് നിലമൊരുക്കൽ പണി തുടങ്ങിയാൽ വിത്തു മുളപ്പിച്ച് ഞാറു പറിച്ചു നടേണ്ട കാലമെത്തുമ്പോഴേക്കും തിരുവാതിര **ഞാറ്റുവേല** റെഡി. എത്ര കൃത്യം അല്ലേ?

കഥ

പടിയിറക്കം

ശ്രീകുമാർ എം

പതിവിൽ നിന്ന് വിഭിന്ന മായി ഒരു തണുത്ത പ്രഭാതം ആയിരുന്നു അത്. രാവും പകലും ചുട്ട് പൊള്ളുന്ന വേനൽക്കാലം. പ്രഭാതങ്ങളിൽ പോലും അന്തരീക്ഷം ചൂടേറിയതായിരുന്നു. തലേന്നത്തെ വേനൽ മഴയുടെ ആശ്വാസം. അത് യാത്രക്കാരുടെ പലരുടെയും മുഖത്ത് കാണാം.

അന്നത്തെ പ്രയാണം തുടങ്ങേണ്ട സമയം അതിക്രമിച്ചിട്ടും വണ്ടി 'റെയ്സ്' ചെയ്ത് നിൽക്കുന്നതല്ലാതെ മുന്നോട്ട് പോകുന്നില്ല എന്ന് കണ്ട് കണ്ണൻ ടിക്കറ്റിന്റെ ക്യാഷും കൈയിൽ പിടിച്ച് മുന്നോട്ട് നീങ്ങി. രാവിലെ തന്നെ വള്ളിക്കെട്ടാണല്ലോ എന്ന് അവൻ ചിന്തിച്ചു.

വർഷങ്ങളുടെ അനുഭവ സമ്പത്തുള്ള, ഡിപ്പോയിലെ സീനിയർ ഡ്രൈവറാണ് രാമേട്ടൻ. യാത്രക്കാർക്ക് സുപരിചിതൻ. മേലുദ്യോഗസ്ഥരുൾപ്പെടെ ബഹുമാനത്തോടെ ' രാമേട്ടൻ ' എന്നാണ് വിളിച്ചിരുന്നത്. ഏറ്റവും നല്ല ഡ്രൈവർക്കുള്ള അംഗീകാരം നേടിയയാൾ. ആ രാമേട്ടന്റെ സർവിസിലെ അവസാനത്തെ ഡ്യൂട്ടിയാണ് ഇന്ന്. ഇന്നത്തോടെ രാമേട്ടൻ പെൻഷൻ ലീവിലേക്ക് കടക്കുകയാണ്.

“എന്തു പറ്റി രാമേട്ടാ. വണ്ടി മാറണോ." കണ്ണൻ ആകാംക്ഷയോടെ ചോദിച്ചു.

“ഏയ് വണ്ടിക്ക് കുഴപ്പമൊന്നുമില്ലടാ."

“പിന്നെ....."

“പിന്നെ..... പിന്നെ..... ഒന്നുമില്ലടാ. പോകാം." രാമേട്ടൻ പതിയെ വണ്ടി മുന്നോട്ട് നീക്കി. കണ്ണൻ ഒരു നിമിഷം അയാളെ തന്നെ നോക്കിയിട്ട് ടിക്കറ്റ് എടുക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. പതിവ് കാഴ്ചകളെ പിന്നിലാക്കി ബസ് മുന്നോട്ട്

കുതിച്ച് കൊണ്ടിരുന്നു. കാർഡ് ആയും ക്യാഷ് ആയും യുപിഎ ആയും വരുമാനം വർദ്ധിച്ച് കൊണ്ടേയിരുന്നു.

“ആ സാറ് ഇന്ന് കൂടി ഉള്ളല്ലേ. എന്നോട് ഇപ്പോൾ പറഞ്ഞായിരുന്നു" ടിക്കറ്റ് കൊടുക്കുന്നതിടയിൽ ആ ചോദ്യം കേട്ട് കണ്ണൻ ഒന്ന് അമ്പരന്നു. ബസിലെ ഒരു സ്ഥിരം യാത്രക്കാരന്റെ വക ആയിരുന്നു ആ ചോദ്യം.

“അതെയോ നല്ലൊരു സാറായിരുന്നു." മീൻ ചരുവത്തിലെ പേഴ്സിൽ നിന്ന് പൈസ എടുത്ത് തരുന്നതിനിടയിൽ ശാന്തമ്മ ചേച്ചിയും പറഞ്ഞു.

“ഞാനും വിരമിക്കാനുള്ള ആലോചനയിലാ. മിക്കവാറും ഈ മാസം തന്നെ." മറ്റൊരു സ്ഥിരം യാത്രക്കാരനായ നാരായണേട്ടന്റെ വാക്കുകൾ ചുറ്റും ചിരി പടർത്തി. ലോട്ടറി കച്ചവടക്കാരൻ ആയിരുന്നു അയാൾ.

“നന്നായിട്ട് കഷ്ടപ്പെട്ട് തന്നയാ മക്കളെ ഞാൻ നോക്കിയത്. പിന്നെ കാലം ഇത്രയൊക്കെ ആയി. ആരോഗ്യം ഒന്ന് ക്ഷീണിച്ചു തുടങ്ങിയപ്പോൾ ആണ് ഞാൻ ലോട്ടറി ആയിട്ട് ഇറങ്ങിയത്. ഇപ്പോഴും എനിക്ക് കഴിഞ്ഞ് കൂടാൻ ഉള്ളത് ഇതിൽ നിന്ന് ഞാൻ ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ പിള്ളര് എല്ലാം വലുതായി. ഇനി അവൻമാർക്ക് നാണക്കേട് ആണങ്കിൽ... അങ്ങനെ തന്നെ ആയിക്കോട്ടെ." നാരാണേട്ടന്റെ ശബ്ദം ഇടറി. ചുറ്റും ഒരു നിമിഷം നിശബ്ദത പടർന്നു.

“അതെ അത് തന്നെയാ നല്ലത്. ഒരു പ്രായം കഴിഞ്ഞാൽ പിള്ളര് പറയുന്ന

ത് കൂടി കേൾക്കണം." ശാന്തേച്ചി പറഞ്ഞു.

"എന്ന് വെച്ച് ആരോഗ്യം ഉള്ളടത്തോളം കാലം പണിയെടുത്ത് ജീവിക്കുന്നതിൽ എന്താണ് തെറ്റ്. "നാരായണേട്ടന്റെ കാര്യം ഒരു ചർച്ചയായി മാറുന്നത് കണ്ണൻ കണ്ടു. പല കമന്റുകളും ഉയർന്ന് കേട്ടു. ബസ് മുന്നോട്ട് കുതിച്ച് കൊണ്ടേയിരുന്നു.

ഉച്ചയ്ക്ക് ആഹാരം കഴിക്കുമ്പോഴും രാമേട്ടന്റെ ചിന്തകൾ മറ്റ് എവിടെയോ ആണെന്ന് കണ്ണന് തോന്നി. രാമേട്ടന്റെ മാറ്റം ബസിന്റെ താളത്തെ തന്നെ ഒന്ന് ബാധിച്ചിരുന്നു. വെറുതെ കൈ ഇട്ട് ഇളക്കുന്നതല്ലാതെ രാമേട്ടൻ ഒന്നും കഴിക്കുന്നില്ലന്ന് കണ്ണന് തോന്നി.

"രാമേട്ടാ. എന്തായിത്." കണ്ണൻ പതിയെ രാമേട്ടന്റെ കൈയിൽ പിടിച്ചു.

"ഏയ്.... ഏയ് ഒന്നുമില്ലടാ. വല്ലാത്തൊരു പേടി. പരാതികളും പരിഭവങ്ങളും ഏറെ ഉണ്ടായിരുന്നു എങ്കിലും ഒരു സുരക്ഷിതത്വം ഉണ്ടായിരുന്നു ഈ വളയം പിടിക്കുമ്പോൾ. അത് ഇല്ലാതാകുകയാണന്ന് ചിന്തിക്കുമ്പോൾ.........."

"രണ്ട് പെൺമക്കളാ. ഒന്നും ഒരു കരയ്ക്ക് എത്തി എന്ന് പറയാൻ പറ്റില്ല. മൂത്തവൾക്ക് ഒരു ചെറിയ ജോലി ഉള്ളതാണ് ആശ്വാസം ഇളയവൾ പഠിക്കുകയാണ്. മുന്നോട്ട് ഉള്ള കാര്യങ്ങൾ ചിന്തിക്കുമ്പോൾ......" രാമേട്ടൻ ഒരു പറഞ്ഞ് നിർത്തി ഒരു ചോദ്യ ചിഹ്നം പോലെ മുന്നിൽ നിൽക്കുമ്പോൾ കണ്ണൻ തന്റെ കാര്യം ആലോചിക്കുകയായിരുന്നു. തനിക്ക് വർഷങ്ങൾ നീണ്ട് നിവർന്ന് കിടപ്പുണ്ട് പടിയിറക്കത്തിന്. പക്ഷേ റിട്ടയർ ആകുമ്പോൾ രാമേട്ടന്റെ മക്കളുടെ പ്രായം പോലും ഉണ്ടാവില്ല തന്റെ മക്കൾക്ക്. 'കരുതൽ ഉണ്ടാവണം.' മനസിൽ നിന്ന് ആരോ മന്ത്രിക്കുന്ന പോലെ തോന്നി കണ്ണന്.

" വേഗം കഴിക്കെടാ. സമയമായി.." രാമേട്ടന്റെ വാക്കുകളാണ് കണ്ണനെ ചിന്തയിൽ നിന്ന് ഉണർത്തിയത്. സമയം മുന്നോട്ട് കുതിച്ച് കൊണ്ടിരിക്കുന്നു. കണ്ണൻ വേഗം എഴുന്നേറ്റു. താമസിയാതെ രാമേട്ടന്റെ കൈകൾ സ്റ്റിയറിങ്ങിൽ അമർന്നു. ബസ് മുന്നോട്ട് കുതിച്ചു.

"എല്ലാം ശരിയാവും രാമേട്ടാ. കൂടുതൽ ആലോചിച്ച് വിഷമിക്കണ്ട"

അവസാനത്തെ ട്രിപ്പിൽ വണ്ടി ഓഫായിട്ട് ഏറെ നേരം ആയിട്ടും ഡ്രൈവർ സീറ്റിൽ നിന്ന് ഇറങ്ങാൻ കൂട്ടാക്കാത്ത രാമേട്ടനോട് കണ്ണൻ പറഞ്ഞു.

"ശരിയാവും..... ശരിയാവുമായിരിക്കും!. ഏതായാലും കാണാം എവിടെങ്കിലുമൊക്കെ വെച്ച്." രാമേട്ടൻ കണ്ണന് നേരെ കൈ നീട്ടി.

"കാണാം രാമേട്ടാ. ഹാപ്പി വിഷു." കണ്ണൻ രാമേട്ടന്റെ കൈയ്യിലേക്ക് കൈ ചേർത്ത് പിടിച്ചു.

"ഹാപ്പി വിഷു. നീ ചെല്ല് ഞാൻ വരാം."

കണ്ണൻ പതിയെ ബസിന്റെ പടികൾ ഇറങ്ങി. രാമേട്ടൻ ഉച്ചയ്ക്ക് പറഞ്ഞ വാക്കുകൾ അവന്റെ കാതുകളിൽ മുഴങ്ങാൻ തുടങ്ങി. അവൻ ബസിൽ നിന്ന് ഇറങ്ങി ഒന്ന് തിരിഞ്ഞു നോക്കി. രാമേട്ടൻ ഡ്രൈവർ സീറ്റിൽ തന്നെ ഉണ്ടായിരുന്നു.

ഏപ്രിൽ

പ്രസീത മോഹൻ

ഗ്രീഷ്മതാപത്തിൻ മൂർച്ചയേറുന്ന,
ഏപ്രിൽമാസത്തിൻ പിറവിയെത്തി.
അതുപോരാതെ കൂട്ടിനായ് വോട്ടിന്റെ ചൂടും,
ചുട്ടുചിന്തകളാൽ നീറിപ്പുകയുന്ന മാസവും.

മഴയുണ്ടോ മാനത്തു മാരിമുകിലുണ്ടോ,
മഴവില്ല് കാണാൻ കൊതിയാലേ ഞാനും.
വേഴാമ്പൽ കേഴുന്നു തണ്ണീരിനായി,
കണ്ണീരുമായിതാ പുതുമഴകാത്ത് കർഷകർ.

വിഷുവെത്തി മേടക്കാറ്റുമായ് പൊൻകണിയെത്തി,
കാഞ്ചനപ്പൂക്കളുമായി കണിക്കൊന്നമരങ്ങളും.
വേനൽപൂക്കളായ് പ്രണയത്തിൻ ഗന്ധമുള്ള ,
പൂവാകച്ചോപ്പിൽ തുടിക്കുന്ന സുന്ദരസായന്തനങ്ങളും .

ജീവിതവീഥിയിൽ വേനലിൻ ചടുലനൃത്തവുമായി,
വേരുകൾ പൊരുതി അഗാധതയിലിത്തിരി കുളിരിനായ്.
ഒത്തിരി നീറുമ്പോൾ ഈസ്റ്ററും വന്നെത്തി സ്നേഹസന്ദേശവുമായി,
വീണുകിടക്കാതെ ഉയിർത്തെഴുന്നേൽപ്പിൻ മാനവകുലമേ നന്മയുമായ്.

മഞ്ചാടിമണികൾ വിദ്യാർത്ഥികൾക്കായുള്ള എഴുത്തിടം

അക്ഷരം

അക്ഷരങ്ങൾക്ക് അതിയായ സൗന്ദര്യമെന്ന്
വാക്കുകൾ....
വാക്കുകൾ നീറുന്ന മനസ്സുകൾക്ക്
മരുന്നാകുമെന്ന് വാചകം...
വാചക ചട്ടുലതയിൽ
ചരിത്രം രചിക്കാമെന്ന് ഖണ്ഡിക...
ഖണ്ഡികകൾ കൈകോർത്തു
വിപ്ലവം പുലരട്ടെയെന്ന് മാനുഷർ......
അക്ഷരം നിശയിലും വെളിച്ചമെന്ന് പണ്ഡിതർ....
അക്ഷരം അറിവിന്റെ താക്കോലെന്ന് പൂർവ്വികർ..,
എങ്കിലും..
സത്യത്തിന്റെ തട്ടിൽ കയറാൻ കഴിയാതെ,
നന്മതിന്മകളുടെ ത്രാസിൽ വിറച്ചു നിൽപ്പത്രേ...വാക്കുകൾ.
അധികാരമോഹികളുടെ നരകകാറ്റേറ്റ്,
നുണവാക്കുകളുടെ പെരുമഴയിൽ നനഞ്ഞ്,
അക്ഷരം കരിഞ്ഞുപോയിരിക്കുന്നു ...
വിപ്ലവ സാമ്രാട്ടുകൾ, സ്നേഹ പ്രവാചകർ
കൊളുത്തിവെച്ചാ അക്ഷര വെളിച്ചം
വെള്ളരിപ്രാവിന്റെ ചെറുകുറുകലായി
അനീതിക്കെതിരെ വിരൽച്ചൂണ്ടുവാൻ
പുതു യുവതയെ തേടി തളർന്നിരിപ്പത്രെ....
മുല്ല..,റോസാപ്പൂ വിപ്ലവങ്ങൾ ചരിത്രം രചിച്ച
ഈ ഭ്രമികയിൽ ചെമ്പരത്തി പൂ ചൂടി
ആത്മാരോഷം തീർക്കാനോ ......
ഈ തലമുറയുടെ ദുർവിധി......

നാജിഹ നൂറുദ്ധീൻ
ക്ലാസ്സ് 9
എസ്.എൻ.എം.വി.എച്ച്.എസ്.എസ്
വണ്ണാപ്പുറം

മഞ്ചാടിമണികൾ

വിദ്യാർത്ഥികൾക്കായുള്ള എഴുത്തിടം

അർപ്പിത സന്ദീപ്
D/o സന്ദീപ് എം
ഡ്രൈവർ കെ എസ് ആർ ടി സി
കണ്ണൂർ

കടപ്പാട്

ഇതിലുപയോഗിച്ചിരിക്കുന്ന ചിത്രങ്ങൾ വിക്കിമീഡിയ കോമൺസിൽ നിന്നും എടുത്തതും ജമിനി എ ഐ, ചാറ്റ് ജി പി റ്റി, തുടങ്ങിയ നിർമിതബുദ്ധി ഉപകരണങ്ങൾ ഉപയോഗിച്ച് നിർമിച്ചതുമാണ്.

ടൈപ് ചെയ്യാനുപയോഗിച്ച ലിപികൾ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്, രചന ഇൻസ്റ്റിട്യൂട്ട് ഓഫ് ടൈപോഗ്രാഫി എന്നീ സ്ഥാപനങ്ങൾ പരിപാലിക്കുന്നവയാണ്.

ഈ മാഗസിന്റെ നിർമിതിക്ക് പൂർണമായും ഉപയോഗിച്ചിരിക്കുന്നത് സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായ സ്ക്രൈബസ്, ജിമ്പ്, ഇങ്ക്സ്കേപ് തുടങ്ങിയവയാണ്.

ഇവയുടെ നിർമാതാക്കളോടുള്ള കടപ്പാട് ഹൃദയപൂർവം രേഖപ്പെടുത്തുന്നു.